മി. ഡെപ്യൂട്ടി സ്പീക്കർ: സഭ ഇപ്പോൾ പിരിയുന്നതും വൈകുന്നേരം 4.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(വൈകുന്നേരം 4.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 2.40-ന്പിരിഞ്ഞു.)

അപരാഹ്ന സമ്മേളനം

സഭ വൈകുന്നേരം 4.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. തേറമ്പിൽ രാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ വീണ്ടും യോഗം ചേർന്നു.

VII. നിയമനിർമ്മാണകാര്യം

(1) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2004-ലെ കേരള ഭൂപരിഷ്കരണ (രണ്ടാം ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തര ഘട്ടങ്ങളും

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2004-ലെ കേരള ഭൂപരിഷ്കരണ (രണ്ടാം) ഭേദഗതി ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കെ.എം. മാണി: 10 വർഷത്തെ യജ്ഞമാണ് ഇന്ന് പൂർത്തിയാകുന്നത്. ഞാൻ ഓർക്കുന്നു, 1995-ൽ ഞാൻ റവന്യൂ മന്ത്രിയായിരുന്നപ്പോൾ കോഴിക്കോട് വച്ച് മലബാറിലെ ജില്ലാ കളക്ടർമാരുടെയും എം.എൽ.എ.-മാരുടെയും കർഷകനേതാക്കളുടേതുമായ ഒരു കോൺഫറൻസ് വയ്ക്കുകയുണ്ടായി. ആ കോൺഫറൻസിൽ ഉയർന്നുവന്ന ഏറ്റവും വലിയ ഡിമാന്റായിരുന്നു, മലബാറിലെ കബളിപ്പിക്കപ്പെട്ട കൃഷിക്കാർക്ക് അവരുടെ കൈവശമിരിക്കുന്ന ഭൂമിക്ക് സ്ഥിരാവകാശം നൽകണം, അവരെ ഒഴിപ്പിക്കരുത് എന്നത്. കാരണം മലബാറിലെ ജൻമിമാർ, പ്രത്യേകിച്ച് വടക്കേക്കളം പോലെയുള്ള ചില ജൻമിമാർ, സറണ്ടർ ചെയ്ത് ഗവൺമെന്റിലേക്ക് മിച്ചഭൂമിയായി കാണിച്ചത് വാസ്തവത്തിൽ കൃഷിക്കാർ പ്രതിഫലം നൽകി വാങ്ങിയ ഭൂമിയാണ്. പ്രതിഫലം കൊടുത്ത് ഭൂമി വാങ്ങി കൈവശം വച്ച് സ്ഥിരദേഹണ്ഡങ്ങൾ ചെയ്തിട്ടുള്ള പാവപ്പെട്ട ആയിരക്കണക്കിന് വരുന്ന കുടിയാൻമാരെ അവർ വാങ്ങിയ സ്ഥലം മിച്ചഭൂമിയാണ് എന്നുള്ളതിന്റെ പേരിൽ കുടിയൊഴിപ്പിക്കാൻ ഒരു ഭീഷണി വരികയുണ്ടായി. അതിൽ നിന്നും അവരെ സംരക്ഷിക്കണം, അവരെ ഒഴിപ്പിക്കരുത് എന്നുള്ള ഡിമാന്റായിരുന്നു വന്നത്. രണ്ട് തരത്തിൽ അത് ചെയ്യേണ്ടിയിരുന്നു. ഒന്ന്, അവരെ ഒഴിപ്പിക്കാനുള്ള താൽക്കാലിക നിയമം കൊണ്ടുവരണം. രണ്ട്, കാർഷിക പരിഷ്കരണ നിയമം ഭേദഗതി ചെയ്തുകൊണ്ട് അവരുടെ കൈവശഭൂമിക്ക് സ്ഥിരാവകാശം നൽകണം. 1996-ലെ യു.ഡി.എഫ്. ഗവൺമെന്റ് ഈ രണ്ട് കാര്യങ്ങൾക്കും വേണ്ടി 170-ാം നമ്പർ ബിൽ അന്ന് സർക്കുലേറ്റ് ചെയ്യുകയുണ്ടായി. ആ ബില്ലിനകത്ത് കാരായ്മയും ഉണ്ടായിരുന്നു അതുപോലെതന്നെ ഇങ്ങനെ മിച്ചഭൂമി വാങ്ങിയ കൃഷിക്കാരന് പരിരക്ഷ കൊടുക്കുന്നതിന് വ്യവസ്ഥയുമുണ്ടായിരുന്നു. പക്ഷേ നിർഭാഗ്യവശാൽ അന്ന് ഒൻപതാം കേരള നിയമസഭയിൽ അത് പാസ്സാക്കാൻ സമയം

LIBRARY ARCHIVES Kerala Legislative Assembly

കിട്ടിയില്ല, നിയമസഭ പിരിഞ്ഞു. വീണ്ടും യു.ഡി.എഫ് ഗവൺമെന്റ് ഒരു ഓർഡിനൻസ് തയ്യാറാക്കി. ലാന്റ് റിഫോംസ് ആക്റ്റിന് ഭേദഗതി കൊണ്ടുവരാൻ സമയം കിട്ടിയില്ല, ബിൽ പാസ്സായില്ല. നിയമസഭ പിരിഞ്ഞു. തൽക്കാലത്തേക്ക് ഒഴിപ്പിക്കൽ നിർത്തിവയ്ക്കണമെന്ന് പറഞ്ഞ് ഓർഡിനൻസ് ക്രമപ്പെടുത്തി മന്ത്രിസഭ പാസ്സാക്കി ഗവർണ്ണർക്ക് കൊടുത്തു. അപ്പോൾ ഗവർണ്ണർ പറഞ്ഞു, ഇനിയിപ്പോൾ തെരഞ്ഞെടുപ്പ് വരികയാണ്; തെരഞ്ഞെടുപ്പ് കഴിഞ്ഞ് പുതിയ ഗവൺമെന്റ് വരട്ടെ അപ്പോൾ ഓർഡിനൻസിനെപ്പറ്റി ചിന്തിക്കാം എന്ന്. അതുകൊണ്ട് ഇപ്പോൾ ഓർഡിനൻസ് വേണ്ട എന്നുപറയുകയുണ്ടായി. അതോടുകൂടി ആ ശ്രമം പൂവണിഞ്ഞില്ല. തെരഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ എൽ.ഡി.എഫ് ഗവൺമെന്റ് വന്നു. എൽ.ഡി.എഫ് ഗവൺമെന്റ് തൽക്കാലത്തേക്ക് ഒഴിപ്പിക്കാൻ വേണ്ടി നോക്കി, ഹൈക്കോടതിയുടെ ഉത്തരവുണ്ടായി, അവരെ ഒഴിപ്പിക്കാനുള്ള ശ്രമം നടന്നു. ഗവൺമെന്റ് ഒഴിപ്പിക്കാൻ ചെന്നപ്പോൾ കൃഷിക്കാർ മുഴുവൻ അണിനിരന്നു. ഞങ്ങളെ കൊന്നിട്ടേ ഒഴിപ്പിക്കാൻ സാധിക്കൂ എന്നുപറഞ്ഞു. കൃഷിക്കാർ വിഷമതയോടുകൂടി നിന്നു, ഗവൺമെന്റിന് ഒഴിപ്പിക്കാൻ കഴിയാതെയായി. ഹൈക്കോടതി ഉടനെ ഗവൺമെന്റിനെതിരെ contempt of court-ന് നടപടിയെടുത്തു. ഇങ്ങനെയൊരു സ്ഫോടനാത്മകമായ സ്ഥിതിവിശേഷമുണ്ടായപ്പോൾ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഒഴിപ്പിക്കൽ നടപടികൾ നിർത്തിവച്ചു കൊണ്ടുള്ള ഒരു ഓർഡിനൻസ് കൊണ്ടുവന്നു. പക്ഷേ അതിനകത്ത് ലാൻഡ് റിഫോംസ് ആക്റ്റിന് ഭേദഗതി കൊണ്ടുവരുമെന്ന് പറഞ്ഞിരുന്നു. തൽക്കാലത്തേക്ക് സ്റ്റേ ചെയ്തുകൊണ്ടുള്ള ഒരു നിയമമായിരുന്നു കൊണ്ടുവന്നിരുന്നത്; ഒഴിപ്പിക്കൽ നടപടികൾ നിർത്തിവച്ചുകൊണ്ടുള്ള നിയമം. പക്ഷേ പേരന്റ് ആക്റ്റ് ഭേദഗതി ചെയ്യാൻ, കാർഷിക പരിഷ്ക്കരണ നിയമം ഭേദഗതി ചെയ്തുകൊണ്ട് സ്ഥിരാവകാശം കൊടുക്കുന്നതിന് വേണ്ടി ഒരു നിയമം കൊണ്ടുവരുമെന്ന് പറഞ്ഞുവെങ്കിലും എൽ.ഡി.എഫ് ഗവൺമെന്റിന്റെ കാലഘട്ടത്തിൽ അങ്ങനെയൊരു നിയമം കൊണ്ടുവന്നില്ല. ഇതായിരുന്നു ചിത്രം. ഇതിനുശേഷം പുതിയ യു.ഡി.എഫ് ഗവൺമെന്റ് വന്നു, ആന്റണി ഗവൺമെന്റ് വന്നു. ഇതിനുമുമ്പുണ്ടായിരുന്ന യു.ഡി.എഫ് ഗവൺമെന്റിന്റെ കാലത്ത് ഞങ്ങൾ ഏറ്റെടുത്ത ആ യജ്ഞം പൂർത്തിയാക്കാനുള്ള ശ്രമമായി. അതിന്റെ അടിസ്ഥാനത്തിലാണ് ഇപ്പോഴത്തെ ഈ ബിൽ കൊണ്ടുവന്നത്. ഇതിൻമേൽ ഒരു അഭിപ്രായ വ്യത്യാസമുണ്ടാകരുത് എന്ന് കണ്ട് ഒരു ആൾപാർട്ടി യോഗം വിളിച്ചു. ആ ആൾപാർട്ടി യോഗത്തിലെ ധാരണ, 4 ഹെക്ടർ വരെയുള്ള ഭൂമി വാങ്ങിയിട്ടുള്ളവരാണെങ്കിൽ അവർക്ക് സ്ഥിരാവകാശം കൊടുക്കാം എന്നാണ്. അതിന്റെ അടിസ്ഥാനത്തിലാണ് ഈ ബിൽ കൊണ്ടുവന്നിരിക്കുന്നത്. മിച്ചഭൂമി വാങ്ങിയ ആളുകൾ കൈവശം വച്ചിട്ടുള്ള ഭൂമി മിച്ചഭൂമിയാണെങ്കിൽ, 4 ഹെക്ടറാണുള്ളതെങ്കിൽ, ആ ഭൂമിക്ക് സ്ഥിരാവകാശം നൽകുന്നു. അവരെ 'deemed tenants' ആയി നമ്മൾ കൊണ്ടുവന്നിരിക്കുകയാണ്. അതിന്റെ അടിസ്ഥാനത്തിലുള്ള നിയമനിർമ്മാണമാണ് ഇത്. ഇത് സബ്ജക്റ്റ് കമ്മിറ്റിക്ക് പോയി. സബ്ജക്റ്റ് കമ്മിറ്റിയും ഇത് അപ്രൂവ് ചെയ്തു. ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യം ഞാൻ മെമ്പർമാരുടെ ദൃഷ്ടിയിൽ കൊണ്ടുവരുന്നത്, ഇതിനകത്ത് 7(E) എന്നൊരു പുതിയ വകുപ്പ് കൊണ്ടുവരികയാണ്. കാർഷിക പരിഷ്കരണ നിയമത്തിലെ 7(D)-ക്കു ശേഷം 7(E) എന്നൊരു പുതിയ വകുപ്പ് കൊണ്ടുവരികയാണ്. ബില്ലിലെ ക്ലാസ് 3-ൽ പറയുന്ന ഒരു പുതിയ വകുപ്പാണ് 7(E).

LIBRARY ARCHIVES Kerala Legislative Assembly

അതിന്റെ അർത്ഥം 1-4-1964-ൽ കാർഷിക പരിഷ്കരണ നിയമം നിലവിൽ വന്നതിന് ശേഷം ഇപ്പോൾ നിയമസഭയിൽ അവതരിപ്പിച്ചിരിക്കുന്ന ഈ ബിൽ നിയമമായി തീരുന്നതിനിടയിൽ ആരെങ്കിലും വാങ്ങിയിട്ടുള്ള വസ്തു മിച്ചഭൂമിയായി കാണുന്നുവെങ്കിൽ അങ്ങനെയുള്ള ഭൂമിയെ സംബന്ധിച്ചിടത്തോളം 4 ഹെക്ടർ വരെയുള്ള ഭൂമിയാണെങ്കിൽ അവരെ deemed tenants ആയി പരിഗണിക്കുന്നതാണ് എന്നുള്ളതാണ് 7(E) എന്നുള്ള പുതിയ വകുപ്പ് ചേർത്തുകൊണ്ട് വ്യവസ്ഥ ചെയ്യുന്നത്. അതാണ് ക്ലാസ് 3 എന്നുപറയുന്നത്. ക്ലാസ് 4 എന്നുപറയുന്നത് നമ്മുടെ കാർഷിക പരിഷ്കരണ നിയമത്തെ സംബന്ധിച്ചിടത്തോളമുള്ളത് കെ.എൽ.ആർ. നിയമം വന്നതിനുശേഷമുള്ള മുഴുവൻ വോളന്ററി ട്രാൻസ്ഫേഴ്സും null and void ആക്കിയിട്ടുണ്ട്. കാർഷിക പരിഷ്കരണ നിയമത്തിൽ തന്നെ ആ വ്യവസ്ഥയുണ്ട്. കാർഷിക പരിഷ്കരണ നിയമം നിലവിൽ വന്നതിനുശേഷം ഒരു ട്രാൻസ്ഫറും നടക്കില്ല. അങ്ങനെ വരുന്നെങ്കിൽ അത് null and void ആകും. അങ്ങനെ ഒരു വ്യവസ്ഥയുള്ളതുകൊണ്ട് ഈ നിയമപ്രകാരം കാർഷിക പരിഷ്കരണ നിയമം നിലവിൽ വന്നതിനുശേഷമുള്ളതാണെങ്കിൽ deemed tenants ആയിട്ട് കണക്കാക്കപ്പെടുന്ന ഭൂമിയെ സംബന്ധിച്ചിടത്തോളമുള്ള ട്രാൻസ്ഫറാണെന്നുണ്ടെങ്കിൽ അത് null and void അല്ല എന്ന് കാണിക്കാൻ വേണ്ടിയാണ് ക്ലാസ് 4 പ്രതിപാദിക്കുന്നത്. അക്കാര്യമാണ് ക്ലാസ് 5-ൽ സ്പെഷ്യൽ പ്രൊവിഷനായി ചേർത്തിരിക്കുന്നത്. കാർഷിക പരിഷ്കരണ നിയമത്തിൽ 106(ബി) ആയിട്ട് ഒരു പുതിയ വകുപ്പ് കൊണ്ടുവരുന്നു. അതിൽ പറയുന്നത്, 7(E) അനുസരിച്ചുള്ള deemed tenants ആണെങ്കിൽ അവർക്ക് Certificate of Title കൊടുക്കണമെന്നാണ്. അവർക്ക് അവകാശരേഖ വേണമല്ലോ? അതുകൊണ്ട് 7(E) എന്നൊരു പുതിയ വകുപ്പ് കൊണ്ടുവന്നു. Deemed tenants ആയി വരുന്ന ആളുകൾക്ക് 106(B) എന്നൊരു പുതിയ വകുപ്പ് കൊണ്ടുവന്ന് Certificate of Title കൊടുക്കുകയാണ്. ഇതാണ് ഇതിന്റെ സാരാംശം. ഇത് രണ്ടുംകൂടി, 7(ഇ) യും 106 (ബി)-യും ഈ രണ്ടു വകുപ്പുകൾ വരുമ്പോൾ ഒരു ചെയ്ഞ്ചാണ് സെക്ഷൻ 2-ന്റെ ഡെഫനിഷനകത്തു ഐറ്റം 57 (ജെ) ആയിട്ട് വരുന്നത്. ഈ ഡെഫനിഷനെ സംബന്ധിച്ചിടത്തോളം ക്ലസ് 2 ഐറ്റം 57 (ജെ) ആയിട്ട് ടെനന്റിന്റെ ഡെഫനിഷനെ സംബന്ധിച്ചിടത്തോളം ഒരു കാര്യം കൂടി a person who is deemed to be a tenant u/s 7(D), കഴിഞ്ഞ് 7 (ഇ)-യും കൂടി അതിനകത്ത് കൂട്ടിച്ചേർക്കുന്നു. 7(ഇ) എന്ന ഒരു വാക്കുകൂടി ഈ ഡെഫനിഷനിലെ 57 (ജെ)-യിൽ കൂട്ടിച്ചേർക്കുന്നു. അത് കോൺസികൻസ് അമന്റുമെന്റേയുള്ളു. ഇത്രയുമാണ് ഈ ബില്ലിനെ സംബന്ധിച്ചിടത്തോളം ഈ ബില്ലിന്റെ കണ്ടന്റും ബാക്ക്ഗ്രൗണ്ടും, ഈ ബില്ല് കൊണ്ടുവരാൻ ഉണ്ടായ ഉദ്ദേശവും. ഞാൻ ഇത് വളരെ സംഗ്രഹമായി പ്രതിപാദിക്കുകയുണ്ടായി. ഇത് സബ്ജക്ട് കമ്മിറ്റി പ്രൊപ്പോസ് ചെയ്തതാണ്.

ശ്രീ. മത്തായി ചാക്കോ: സർ, 7(ഇ) വകുപ്പു പ്രകാരം കുടിയാന്മാരായിട്ട് കരുതപ്പെടുന്നവരുടെ ഭേദഗതി അംഗീകരിക്കാം. പക്ഷേ ആ ഭേദഗതിക്ക് 1964 മുതൽ മുൻകാല പ്രാബല്യം കൊടുക്കേണ്ട കാര്യം എന്താണ് ?

മി. സ്പീക്കർ : ഇപ്പോൾ വേണ്ട നമുക്ക് അവസാനം പറയാമല്ലോ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. മാണി: സർ, കാർഷിക പരിഷ്കരണ നിയമം 84 അനുസരിച്ച് കെ.എൽ.ആർ. നിയമം നിലവിൽ വന്നതിനുശേഷമുള്ള വോളണ്ടറി ട്രാൻസ്ഫേഴ്സ് നൾ ആന്റ് വോയിഡാണ്. പക്ഷേ അങ്ങനെ നൾ ആന്റ് വോയിഡ് ആക്കിയാൽ നമ്മൾ ഈ നിയമത്തെ സംബന്ധിച്ചിടത്തോളം പരിരക്ഷ കിട്ടുകയില്ല. അതുകൊണ്ട് ഈ നിയമം അനുസരിച്ചുള്ള ട്രാൻസ്ഫേഴ്സ് അതിന് ഇതിന്റെ പർവ്യൂവിൽ വരുന്ന ട്രാൻസ്ഫേഴ്സ് നൾ ആന്റ് വോയിഡായിട്ട് കണക്കാക്കപ്പെടുന്നതല്ല എന്നു സ്പെസിഫിക്കായിട്ട് പറഞ്ഞുകൊണ്ടാണ് ക്ലാസ് നാലിലെ അമൻമെന്റ്.

ശ്രീ. കെ. സി. ജോസഫ്: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2004-ലെ കേരള ഭൂപരിഷ്ക്കരണ(രണ്ടാംഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ഈ ബില്ലിന്റെ ഉദ്ദേശ ലക്ഷ്യങ്ങളെപ്പറ്റി ശ്രീ. കെ. എം. മാണി ഇവിടെ പറയുകയുണ്ടായി. കഴിഞ്ഞ 10 കൊല്ലത്തെ കേരളത്തിലെ മലയോര ജനതയുടെ വലിയൊരു ആഗ്രഹമാണ് ഈ ബിൽ. ഈ ബില്ല് പൊതുവായി ധാരണയുണ്ടാക്കിയ ബില്ലാണ്. ഇപ്പോൾ ക്ലാസ് ബൈ ക്ലാസ് അമെൻമെന്റ്സിൽ പല അമീൻമെന്റ്സും മൂവ് ചെയ്തിട്ടുണ്ടെങ്കിലും ഇത് പൊതുവായിട്ടു കേരളത്തിലെ, ഈ സഭയിലുള്ള എല്ലാ കക്ഷികളുടെയും പൊതുവായ ധാരണയോടെയുള്ള ബിൽ ആണ് ശ്രീ. കെ. എം. മാണി ഇവിടെ പറഞ്ഞു, കാർഷിക പരിഷ്കരണ നിയമം ഉണ്ടായ ശേഷം മിച്ചഭൂമിയായി മലബാറിലെ ജന്മിമാർ കൈവശം വച്ച ഭൂമി ഒരു ഭാഗത്ത് ലാന്റ് ട്രൈബ്യൂണലിന്റെ മുമ്പാകെ മിച്ച ഭൂമിയായി സ്റ്റേറ്റുമെന്റ് കൊടുക്കുകയും അതേ അവസരത്തിൽ ആ വിവരം മറച്ചുവച്ചുകൊണ്ട് കുടിയേറ്റ കർഷകരിൽ നിന്ന് വില വാങ്ങി അത് വിൽക്കുകയും ചെയ്തു. വിലയ്ക്ക് വാങ്ങിയ ആളുകളെ അവർ ഉദ്ദേശശുദ്ധിയോടുകൂടി ഈ ജന്മിക്ക് അവകാശമുണ്ടെന്ന ധാരണയിലാണ് ഭൂമി വാങ്ങിയത്. അവരുടെ മുമ്പിൽ ഇതൊരു മിച്ചഭൂമിയാണെന്ന ധാരണ ഉണ്ടായിരുന്നില്ല. അങ്ങനെ കബളിപ്പിക്കപ്പെട്ട അവരെ ചീറ്റ് ചെയ്ത ഒരു വിഭാഗം ആളുകൾക്കുള്ള സംരക്ഷണമാണ് ബില്ലിന്റെ അടിത്തറ. ബഹുമാനപ്പെട്ട മാണിസാർ പറഞ്ഞു 1964 മുതലുള്ള വിഷയമാണിതെന്ന്. ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയായിരുന്ന കാലത്ത് അദ്ദേഹം ബില്ലിന്റെ കാര്യത്തിൽ ഒരു സമവായം ഉണ്ടാക്കാൻ യോഗം വിളിച്ചുകൂട്ടിയിരുന്നു. ബഹുമാന്യനായ ടി. കെ. രാമകൃഷ്ണനടക്കം യോഗത്തിൽ സംബന്ധിച്ചതാണ്. അന്ന് അപ്പുറത്തും ഇപ്പുറത്തും ഇരിക്കുന്നവർ തമ്മിൽ ഒരു ധാരണയുണ്ടാക്കി. ഈ ലാന്റ് റിഫോംസ് ബില്ലിൽ മതിയായ മാറ്റം വരുത്തി ഇതുപോലുള്ള ആളുകൾക്ക് സംരക്ഷണം നൽകണമെന്ന് ധാരണയുണ്ടായെങ്കിലും അത് നിയമമായില്ല. കാരണം മാണിസാർ പറയുകയുണ്ടായി. പിന്നീട് 4 വട്ടം ഈ എവിക്ഷൻ പ്രൊസീഡിംഗ്സ് സ്റ്റേ ആക്ട് ബിൽ, സഭയിൽ വന്നു. ഈ നാലുവട്ടവും കുടിയൊഴിപ്പ് നിരോധനത്തിനു വന്ന ബില്ല് ഒരു പ്രത്യേകമായ കാലപരിധി ആയതുകൊണ്ട് കാലാവധി കഴിയുമ്പോൾ ലാപ്സായി പോവുകയും വീണ്ടും ബില്ല് വരുകയും ചെയ്യുന്നു. ഇങ്ങനെ ഇത് മൂന്നുനാല് തവണയായി വല്ലാത്ത എക്സർസൈസാണ്. ആ രീതിക്ക് അവസാനം ഉണ്ടാക്കണം. ഇത് മലബാറിലെ മലയോര ജനതയുടെ ഒരു ആഗ്രഹമാണ്. എനിക്ക്

LIBRARY ARCHIVES Kerala Legislative Assembly

അപേക്ഷിക്കാനുള്ളത് നിങ്ങൾ ദയവായി സംശയത്തിന്റെ പുകമറ ഉണ്ടാക്കരുത്. ദയവായിട്ട് പ്രതിപക്ഷ മെമ്പർമാർ ആടിനെ പട്ടിയാക്കാൻ ശ്രമിക്കരുത്. എന്താണ് ബില്ലിന്റെ ഉദ്ദേശമെന്നു നിങ്ങൾക്ക് അറിയണമെങ്കിൽ നിങ്ങൾ ശ്രീ. കെ. പി.മോഹനനോട് ചോദിക്കണം. അദ്ദേഹത്തിന് അറിയാം, അദ്ദേഹത്തിന്റെ മണ്ഡലത്തിലാണ് മലബാറിലെ വടക്കേക്കളം എസ്റ്റേറ്റ്. അവിടെ കൃഷിക്കാർ തൃപ്തരല്ല. കൃഷിക്കാർ പോയി വിലകൊടുത്തു നിലവിലുള്ള സാഹചര്യത്തിൽ വാങ്ങിയതാണ്. എട്ടും പത്തും വർഷം ഭൂമി കൈവശം വയ്ക്കുകയും ചെയ്തു. ഇപ്പോൾ ആ ഭൂമി മിച്ചഭൂമിയാണെന്നു പറഞ്ഞാൽ എങ്ങനെ പോകാൻ സാധിക്കും. അവിടെ നരിക്കോട്ട് മല, വാഴമല, കുടിയാൻമല, ഇതുപോലെയുള്ള മലബാറിലെ പല മേഖലകളിലും ജന്മിമാരിൽ നിന്ന് വില കൊടുത്തു ഭൂമി വാങ്ങിയ കൃഷിക്കാരെ പിന്നീട് കബളിപ്പിക്കുന്ന ഒരു സാഹചര്യം ഉണ്ടായപ്പോഴാണ് ഈ ബില്ലിന്റെ ആവശ്യം ഉണ്ടായത്. എനിക്ക് അപേക്ഷിക്കാനുള്ളത് ഈ ബില്ല് ദയവായി വിവാദമുണ്ടാക്കാതെ അംഗീകരിക്കാനുള്ള സൗമനസ്യം നിങ്ങൾ കാണിക്കണം എന്നാണ്. ബില്ലിന്റെ അവതരണത്തിനു മുമ്പായി ഒരു യോഗം വിളിച്ചു കൂട്ടിയിരുന്നു. ആ യോഗത്തിൽ ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് ശ്രീ. കോടിയേരി ബാലകൃഷ്ണൻ അടക്കം പങ്കെടുത്തിരുന്നതാണ്. അങ്ങ് ഉൾപ്പെടെ പങ്കെടുത്ത യോഗത്തിലാണ് നമ്മൾ ധാരണയുണ്ടാക്കിയത്; 4 ഹെക്ടർ എന്നു തീരുമാനിച്ചത്. അങ്ങ് മിനിറ്റ്സ് പരിശോധിച്ചു നോക്കണം. അങ്ങേയ്ക്ക് അറിയാമല്ലോ തലശ്ശേരി ടൗണിലോ തിരുവനന്തപുരം സിറ്റിയിലോ ഒരു ഹെക്ടർ ഭൂമിയെന്നു പറഞ്ഞാൽ വലിയ ഭൂമിയായിരിക്കാം. പക്ഷേ നരിക്കോട്ട് മലയിലോ കുടിയാൻ മലയിലോ ഉള്ള സ്ഥലത്ത് 4 ഹെക്ടർ വലിയ ഭൂമിയൊന്നുമല്ല. അവിടെ എല്ലാ സാധാരണ കൃഷിക്കാരനും ആറ് ഹെക്ടർവരെ ഭൂമിയുണ്ട്. അതുകൊണ്ട് ഈ ബില്ല്.....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, 4 ഹെക്ടർ എന്ന് നിങ്ങൾ പറഞ്ഞു. ഞങ്ങളുടെ അഭിപ്രായമായിട്ട് അന്ന് പറഞ്ഞത് 2 ഹെക്ടർ എന്നു തന്നെയാണ്. നിങ്ങൾ ഇപ്പോൾ തീരുമാനിച്ചത് നിങ്ങളുടെ അഭിപ്രായം; ഈ ബില്ലായിട്ട് വന്നു. അതാണ് സംഭവിച്ചിരിക്കുന്നത്.

ശ്രീ. കെ. സി. ജോസഫ്: സർ, ഞങ്ങളുടെ അഭിപ്രായമല്ല. അന്നത്തെ മിനിറ്റ്സ് പരിശോധിച്ചാൽ അറിയാം നമ്മൾ അന്ന് പല ചർച്ചകൾ നടത്തി. ആ ചർച്ചകളിൽ ഉണ്ടായ കോൺസെൻസ്സ് എന്നു പറയുന്നത് 4 ഹെക്ടർ എന്നാണ്. ആ നിലയ്ക്ക് ധാരണ ഉണ്ടാക്കിയാണ് ബില്ല് അവതരിപ്പിച്ചിരിക്കുന്നത്. ഇത് ആരെയെങ്കിലും വഴിവിട്ട് സഹായിക്കാനുള്ള നിയമമൊന്നുമല്ല. ആ ധാരണ ആരും വച്ചുപുലർത്തരുത്. ബഹുമാനപ്പെട്ട പ്രതിപക്ഷ മെമ്പർമാരുടെ ഈ ക്ലാസ് ബൈലേയ്ക്ക് പോകുന്നത് കാണുമ്പോൾ ആ ധാരണ തോന്നുന്നുണ്ട്. ഇത് നിയമപരമായി കൈവശമുള്ള ആൾക്കാർക്ക് അവകാശം കൊടുക്കുന്നതാണ്. ആ നിലയ്ക്ക് ഈ ബില്ലിന്റെ ഉദ്ദേശത്തെ കാണാനും മലബാറിലെ കബളിപ്പിക്കപ്പെട്ട കർഷകർ വില കൊടുത്തു വാങ്ങിയ ഭൂമിയാണ്. അവർ കൈയ്യേറ്റക്കാരല്ല. വെട്ടിപിടിച്ചതുമല്ല. കുടിയേറ്റക്കാർ പോയി ജന്മിമാരുടെ കൈയിൽനിന്നു വില കൊടുത്തു ഭൂമി വാങ്ങി പത്തും പതിനഞ്ചും കൊല്ലമായിട്ട് അദ്ധ്വാനിച്ച് ഉണ്ടാക്കിയ ഭൂമി പിന്നീട് ഈ ഭൂമി വടക്കേക്കളത്തിന്റെ മിച്ചഭൂമിയാണെന്നു പറഞ്ഞ് ഒഴിപ്പിക്കാൻ നോക്കിയാൽ ഒഴിപ്പിക്കാൻ സാധിക്കുകയില്ല. അവിടെ രക്ത ചൊരിച്ചിൽ ഉണ്ടായാലും ശരി അവരെങ്ങും പോകത്തില്ല. കൃഷിക്കാരന്റെ മണ്ണും വിയർപ്പും ആ ഭൂമിയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. ബാലൻ : സർ, വടക്കേക്കളത്തിന്റെ പ്രശ്നത്തിൽ അന്ന് പാനൂരിൽ നിന്നടക്കം വന്ന എല്ലാ കർഷക സംഘടനകളുടെയും ആളുകളും അന്നത്തെ റവന്യൂ മന്ത്രി ശ്രീ. ഇസ്മയിലിന്റെ മുമ്പിൽ വച്ചുള്ള ചർച്ചയിൽ ബഹുമാനപ്പെട്ട മെമ്പർ കെ. സി. ജോസഫും ഞാനും ഉണ്ടായിരുന്നു. അതിലെത്തിയ ധാരണ ഇവരെ ഒഴിപ്പിക്കാൻ പാടില്ല, പക്ഷേ ഇതിൽതന്നെ 5 ഏക്കർവരെ വിൽക്കുന്നത് ലീസണബിളാണ്. നിങ്ങൾ പറയുന്നത് വലിയ മലംപ്രദേശമൊന്നുമല്ല. വടക്കേക്കളം എന്നു പറഞ്ഞാൽ നമ്മെളെല്ലാം പോയി കണ്ടിട്ടുള്ളതാണ്. 5 ഏക്കറിലേക്ക് അത് പരിമിതപ്പെടുത്തണം. പതിനഞ്ചും ഇരുപതും ഏക്കർ ഭൂമി കൈവശമുള്ളവർക്കുകൂടി അവിടെ ഒരു റെഗുലറൈസേഷൻ കൊടുക്കാൻ പാടില്ല എന്ന ധാരണയായിരുന്നു നമുക്കെന്നാണ് തോന്നുന്നത്. പാനൂർ 5 ഏക്കർ എന്നു പറഞ്ഞുകഴിഞ്ഞാൽ അത് ചില്ലറയാണോ? അത് വളരെ ഫെർട്ടയിൽ ലാന്റാണ്. ശ്രീ. കെ. സി. ജോസഫിനും നമുക്കെല്ലാവർക്കും അറിയാം.

ശ്രീ. കെ. സി. ജോസഫ് : സർ, ഇത് പാനൂരല്ല; നരിക്കോട്ട് മലയാണിത്. അവിടെ ഈ പാറ നിറഞ്ഞ ഭൂമി ഇത് പതിച്ചു കൊടുക്കുന്നതല്ല. അവർ നേരത്തെ പോയി വില കൊടുത്തു വാങ്ങിയതാണ്. അന്നുണ്ടായിരുന്ന വില കൊടുത്തു ജന്മാവകാശം വാങ്ങിയ ആളുകളെ ആ കൈവശഭൂമിക്ക്, അവർ എന്ത് തെറ്റാണ് ചെയ്തത്. അവർ വില കൊടുത്തു വാങ്ങിയ ഭൂമിയെ കബളിപ്പിച്ചു. അവരെ ചീറ്റ് ചെയ്തു. മലബാറിലെ ജന്മിമാർ ഒരു ഭാഗത്തവർ.....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ഇത്തരത്തിൽ നിയമമുണ്ടാക്കുമ്പോൾ സംസ്ഥാനത്ത് എല്ലാ സ്ഥലത്തും ഇത് ബാധകമാകാൻ പോവുകയാണ്. അതിന്റെ ഭാഗമായിട്ട് തിരിമറി നടത്തിയ ഭൂമികൾക്കൊക്കെ പ്രാബല്യം കിട്ടുമോ എന്ന ആശങ്കയാണ് ഞങ്ങൾ ഇവിടെ പ്രകടിപ്പിക്കുന്നത്. അങ്ങനെയുള്ള ഒരു പുകമറ ഉണ്ടാക്കരുത്.

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, സംശയത്തിന്റെ പുകമറ അല്ല. മിനിസ്റ്റർ വിളിച്ച ചർച്ചയിൽ ആ ആശങ്ക അന്നും ഞങ്ങൾ പ്രകടിപ്പിച്ചു. ദേവികുളം താലൂക്കിലെ മൂന്നാറിൽ, ഇടുക്കി ജില്ലയിലെ പല പ്രദേശങ്ങളിലും ഒരു ഏക്കർ ഭൂമിക്ക് എന്താണ് വില? അപ്പോൾ ഇത് 4 ഹെക്ടർ എന്നുപറയുമ്പോൾ 10 ഏക്കർ വരും. അത് ഒരു വലിയ സംഖ്യ വരില്ലേ? വടക്കേക്കളം എന്നുപറയുമ്പോൾ ശരിയാണ്. എഗ്രി ചെയ്യാം. പക്ഷേ വടക്കേക്കളം മാത്രമല്ലല്ലോ? ഭൂപരിഷ്ക്കരണ നിയമത്തിന് ഭേദഗതി വരികയല്ലേ? അങ്ങനെ വരുമ്പോൾ അത് എല്ലാ സ്റ്റേറ്റുകളെയും ബാധിക്കുകയില്ലേ? അത് വളരെ സൂക്ഷിച്ച് ചെയ്യേണ്ട കാര്യമല്ലേ? ഞങ്ങൾ പുകമറ സൃഷ്ടിക്കുന്നതല്ല. ആശങ്ക പ്രകടിപ്പിക്കുന്നതാണ്.

ശ്രീ. എ. കെ. ബാലൻ: സർ, സെക്ഷൻ 52-ൽ Small Holder എന്നുള്ള നിർവ്വചനത്തിൽ 4 ഏക്കർ പെടുത്തിയിരിക്കേ നിങ്ങൾ അതിന്റെ ഇരട്ടിയിലധികം ഭൂമിയാണ് കൊടുക്കുന്നത്. ഒറിജിനൽ ആക്ടിൽ തന്നെ 4 ഏക്കറേ ഉള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. സി. ജോസഫ്: ഒരു കാര്യം മനസ്സിലാക്കണം. ഇവിടെ ആപ്ലിക്കബിളായിട്ടുള്ളത് മിച്ച ഭൂമിയാണ്. അല്ലാതെ വനഭൂമി അല്ല. നേരത്തേ ഉണ്ടായിരുന്ന മിച്ചഭൂമി അതായത്, ഭൂവുടമകൾ അവരുടെ കൈയിൽ ഉണ്ടായിരുന്ന ഭൂമിയുടെ ഒരു ഭാഗം ലാൻഡ് റിഫോംസ് ആക്ട് വന്നപ്പോൾ മിച്ചഭൂമിയായി കൊടുത്തു. മിച്ച ഭൂമി വിലയ്ക്കു വാങ്ങിയവരെയാണ് നിയമം ബാധിക്കുന്നത്. അല്ലാതെ നിങ്ങൾ ഊതിപ്പെരുപ്പിക്കുന്നതുപോലെ മാങ്കുളത്തേയോ മൂന്നാറിലേയോ വനഭൂമി കയ്യേറിയവരെ അല്ല. മിച്ചഭൂമി സ്റ്റേറ്റുമെന്റ് കൊടുത്ത് കബളിപ്പിച്ച ആളുകൾ As per the provision of the Kerala Land Reforms Act, 1963 small holders or cultivated tenants who came into possession of the lands previously owned by the excess land holders മിച്ച ഭൂമി വാങ്ങിയവർക്കേ ഇത് ബാധകമാകുന്നുള്ളൂ. ആ നിലയ്ക്ക് ഇത് പാസ്സാക്കണം. ഇത് മലബാറിലെ കുടിയേറ്റ കർഷകരുടെ വലിയ ആവശ്യമാണ്. നാലഞ്ച് തവണ ഈ ബിൽ നിയമസഭയിൽ വന്നതാണ്. ആ ദുരവസ്ഥ ഉണ്ടാകാതെ ഈ സഭയുടെ പൊതുവികാരം ഈ ബില്ലിന് അനുകൂലമായി ഉണ്ടാകണം. ഈ ബിൽ പാസ്സാക്കി മലബാറിലെ കുടിയേറ്റ കർഷകർക്ക് അവരുടെ കൈവശമുള്ള ഭൂമിയുടെ ജന്മാവകാശം കിട്ടാനുള്ള സാഹചര്യം ഉണ്ടാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. എ. എൻ. രാജൻ ബാബു: സർ, മിച്ചഭൂമി ഉള്ള ആൾ ഓപ്ഷൻ കൊടുത്തപ്പോൾ വാങ്ങിയ സ്ഥലം കൊടുത്തു കഴിഞ്ഞു എന്നുള്ളതുകൊണ്ടാണ് ഇത് സംഭവിച്ചത്. അതേസമയം ഇങ്ങനെ കൊടുത്ത ഓപ്ഷൻ മാറ്റിക്കൊണ്ട് ഉടമയ്ക്കുള്ള മറ്റ് ഭൂമിയിൽനിന്നും കറസ്പോണ്ടിംഗ് ഭൂമി ഈടാക്കുന്നതിനുള്ള വല്ല നടപടി ക്രമങ്ങളും ഉണ്ടോ?

ശ്രീ. കെ. സി. ജോസഫ്: ഈ ആക്ടിൽ ഉണ്ട്. അതായത്, കൃഷിക്കാരൻ വിറ്റ ഭൂമി മിച്ച ഭൂമിയായി കണ്ടിട്ട് മിച്ച ഭൂമിയായി മാറിയ ഭൂമി ജന്മി കൃഷിക്കാരന് കൊടുക്കുമ്പോൾ അവിടെ മറ്റ് ഭൂമി ഉണ്ടെങ്കിൽ ആ ഭൂമിയിൽ നിന്ന് excess land എടുക്കേണ്ടി വരും.

ശ്രീ. എ. കെ. ബാലൻ: സർ, ബഹുമാനപ്പെട്ട മെമ്പറുടെ ബോണഫൈഡായിട്ടുള്ള വിശ്വാസത്തെ ഞാൻ എതിർക്കുന്നില്ല. ഇതിൽ നല്ല വിശ്വാസത്തിൽ കുറച്ച് ഭൂമി കൺസിഡറേഷൻ കൊടുത്ത് രജിസ്റ്റർ ചെയ്ത് വാങ്ങിക്കുന്ന ഭൂമിയാണെങ്കിൽ ശരി. അത് ബഹുമാനപ്പെട്ട മന്ത്രി തന്നെ പറഞ്ഞത് 1-4-1964-ന് ശേഷം ഈ ബിൽ പാസ്സാക്കുന്നതു വരെയുള്ള കാലഘട്ടത്തിലുള്ള എല്ലാ ട്രാൻസാക്ഷൻസും വാലിഡാണ്. അതിന്റെ അർത്ഥം ഏത് രൂപത്തിൽ ട്രാൻസാക്ഷൻ നടത്തിയ ഭൂമിക്കും വാലിഡിറ്റി കൊടുക്കുകയാണ്. ഇത് നിസ്സാരമായി കാണരുത്. ഏതെങ്കിലും ഒരു പ്രത്യേക വ്യക്തിയിൽ നിന്ന് കൺസിഡറേഷൻ കൊടുത്തുകൊണ്ട് രജിസ്ട്രേഷൻ നടത്തിയിട്ടുള്ള ഭൂമിക്ക് കറക്ട്. എല്ലാത്തരം ഭൂമിയും അതിൽ വരും. രജിസ്റ്റർ ചെയ്ത ഡീഡ് മാത്രമല്ല.

ശ്രീ. കെ. സി. ജോസഫ്: ഇതെല്ലാം സംശയമുണ്ടാക്കുന്നതാണ്. ഈ ബില്ലിൽ ഇത് വളരെ ക്ലിയറാണ്. അത് വായിച്ചു നോക്കണം. ഈ ബില്ലിൽ the bonafide purchasers, ശ്രീ. എ. കെ. ബാലൻ എനിക്ക് ഭൂമി തരികയാണെങ്കിൽ ഞാൻ താങ്കൾ ആ ഭൂമിയുടെ ഉടമയാണെന്നുള്ള ധാരണയിലാണ് വാങ്ങിക്കുന്നത്. പക്ഷേ താങ്കൾ സർക്കാരിന് പ്രസ്താവന കൊടുക്കുമ്പോൾ മിച്ചഭൂമിയാക്കി എന്നെ കബളിപ്പിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കെ. ജയചന്ദ്രൻ: നമ്മുടെ സംസ്ഥാനത്തിന്റെ ചില മേഖലകളിൽ പത്തും പതിനഞ്ചും വർഷം മുമ്പ് മരിച്ചവരുടെ പേരിൽ രേഖയുണ്ടാക്കി ഭൂമി കൈമാറിയിട്ടുണ്ട്. അതെല്ലാം വാലിഡാവില്ലേ?

ശ്രീ. എ. കെ. ബാലൻ: .....acquired by him or his predecessor in interest by way of purchase or otherwise..... മാണി സാറാണ് ഈ ബില്ലുണ്ടാക്കിയതെന്ന് നിങ്ങൾ മനസ്സിലാക്കണം. `or otherwise' എന്നുപറയുമ്പോൾ എല്ലാ വകുപ്പും ഇതിൽ പെടും.

ശ്രീ. കെ. സി. ജോസഫ്: മാണി സാർ ഈ സഭ കണ്ട ഏറ്റവും പ്രഗത്ഭനായ ഒരു നിയമജ്ഞനാണ്.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, നിങ്ങൾ കൊണ്ടുവന്ന ബില്ലിലും `or otherwise' ആണെങ്കിൽ നിങ്ങൾ സ്വീകരിക്കുമോ? നിങ്ങൾ കൊണ്ടുവന്ന ബില്ലിലും `or otherwise' ആണ്. വായിക്കാതെയും പഠിക്കാതെയും ഒന്നും ഇവിടെ വന്ന് പറയരുത്..... (ബഹളം).....

ശ്രീ. കെ. സി. ജോസഫ്: ഇവിടെ ബഹുമാനപ്പെട്ട എ. എൻ. രാജൻ ബാബു ചോദിച്ചു ഈ ബില്ലിന്റെ Amendment of Section 84 Clause 4, provided further that if the Taluk Land Body is satisfied that the transfer of land made by a person in possession of excess land is calculated to defeat the ceiling provisions, it may take into account the land so transferred in determining his ceiling area, and may direct him to surrender such extent of land held or possessed by him. അപ്പോൾ അയാളെ കബളിപ്പിച്ചാൽ ഭൂമി കൃഷിക്കാരന് കൊടുക്കുന്ന സമയത്തു തന്നെ അവർക്കും തുല്യഭൂമി ഏറ്റെടുക്കാനുള്ള അവകാശം കൊടുക്കുന്നുണ്ട്. നിങ്ങൾ മൂന്നാറും ദേവികുളവും പറഞ്ഞു. അങ്ങോട്ടേയ്ക്കൊന്നും പോകേണ്ട. വളരെ limited scope മാത്രമേ ഈ ബില്ലിനുള്ളൂ. മലബാറിൽ പ്രത്യേകിച്ച് NPPF Act ഉണ്ടായിരുന്ന കാലത്ത് ആ നിയമത്തിന്റെ പിൻബലത്തിൽ അന്ന് ഭൂമി വിറ്റു. 1964-ലെ കേരള ലാൻഡ് റിഫോംസ് ആക്ട് അനുസരിച്ച് മിച്ചഭൂമിയാക്കി സ്റ്റേറ്റ്മെന്റ് കൊടുത്തു. ആ വിവരം മറച്ചുവച്ചുകൊണ്ട് ഭൂമി കൃഷിക്കാരന് വിറ്റു.

ശ്രീ. മത്തായി ചാക്കോ: സർ, 1964 മുതൽ retrospective effect കൊടുക്കാൻ കാരണമെന്താണ്? വടക്കേക്കളം പോലുള്ള കേരളത്തിൽ ശ്രദ്ധേയമായ ഭൂമിക്ക് മാത്രം കൊടുത്താൽ പോരേ?

ശ്രീ. കെ. സി. ജോസഫ്: കേരള ലാൻഡ് റിഫോംസ് ആക്ട് നിലവിൽ വരുന്നത് 1963-ൽ ആണ്. അതനുസരിച്ചാണ് മിച്ചഭൂമി ഉണ്ടാകുന്നത്. 1964 മുതലാണ് ജന്മിമാർ മിച്ചഭൂമി സ്റ്റേറ്റ്മെന്റ് കൊടുക്കുന്നത്. അതുകൊണ്ട് അങ്ങനെ ഒരു അവകാശം കൊടുത്തില്ലെങ്കിൽ ഈ ബിൽ കൊണ്ട് പ്രയോജനമുണ്ടാകില്ല. യാതൊരു ദുരുദ്ദേശവും ഇതിൽ ഇല്ല. നേരത്തെ ശ്രീ. ബേബി ജോൺ മന്ത്രിയായിരുന്നപ്പോൾ മുതൽ ശ്രീ. കെ. ഇ. ഇസ്മയിലിന്റെ കാലത്തും ശ്രീ. എ. കെ. ആന്റണിയുടെ കാലത്തുമെല്ലാം ചർച്ച ചെയ്ത് പൊതുവായ സമവായം ഉണ്ടാക്കിയ കാര്യമാണ്. ജന്മിമാരെ ഈ ബിൽ സഹായിക്കുമെന്ന് പറയുന്നത് ശരിയല്ല. ഞാൻ അമെന്റ്മെന്റ് മൂവ് ചെയ്യുന്നു. ഈ ബിൽ പാസ്സാക്കാൻ അപേക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. ജയരാജൻ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടു ചെയ്തപ്രകാരമുള്ള 2004-ലെ കേരള ഭൂപരിഷ്കരണ (രണ്ടാം ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. സർ, നമ്മുടെ സംസ്ഥാനത്ത് പല വർഷങ്ങളായി കൈവശം വച്ചുവരുന്ന ഭൂമിയിൽ സംരക്ഷണം കിട്ടുക എന്നുള്ളത് ഏതൊരാളും ആഗ്രഹിക്കുന്ന കാര്യമാണ്. അക്കാര്യത്തിൽ ഭരണ പ്രതിപക്ഷ വ്യത്യാസമില്ലാതെ നമ്മൾ യോജിക്കുകയും ചെയ്യും. കണ്ണൂർ ജില്ലയിലെ വടക്കേക്കളത്തിൽ വർഷങ്ങളായി കൈവശമിരിക്കുന്ന കൃഷിക്കാരുടെ ഭൂമി നഷ്ടപ്പെടുന്ന വിധത്തിലേക്ക് കാര്യങ്ങൾ നീങ്ങിയപ്പോൾ ഇടതുപക്ഷ ജനാധിപത്യ ഗവൺമെന്റ് അധികാരത്തിലുണ്ടായിരുന്ന കാലത്തും ഇപ്പോൾ അധികാരത്തിലിരിക്കുന്ന യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തും കുടിയൊഴിപ്പിക്കൽ നിർത്തിവയ്ക്കുന്നതിനുള്ള നിയമം യോജിച്ച് കൊണ്ടുവരാൻ കഴിഞ്ഞത്. അക്കാര്യത്തിൽ തർക്കം ഉണ്ടാവില്ല. കുടിയൊഴിപ്പിക്കൽ നിർത്തിവയ്ക്കുന്നതിന്റെ മറവിൽ കേരളത്തിൽ ദീർഘകാലത്തെ സമരത്തെ തുടർന്ന് നിയമിക്കപ്പെട്ട ഒരു നിയമമാണ് ഭൂപരിഷ്കരണ നിയമം. അതിൽ കാതലായ മാറ്റങ്ങൾ വരുത്താൻ പോവുകയാണ്. അത് വളരെ അവധാനതയോടുകൂടി നടത്തേണ്ടുന്ന കാര്യമാണ്.

ശ്രീ. കെ. സി. ജോസഫ്: ഇവിടെ കൊണ്ടുവന്നിട്ടുള്ള എവിക്ഷൻ സ്റ്റേ നിയമങ്ങൾക്കെല്ലാം ഓരോ കൊല്ലം കാലാവധിയുണ്ടായിരുന്നു. അന്നുണ്ടായ ധാരണ സമഗ്രമായ മാറ്റം പിന്നീട് കൊണ്ടുവരാം അതിന് സാവകാശം വേണ്ടതുകൊണ്ടാണ് എവിക്ഷൻ കൊണ്ടുവന്നത്. അതല്ലാതെ ഇത് സ്ഥിരം നിയമമായിരുന്നില്ല.

ശ്രീ. എം. വി. ജയരാജൻ: ബഹുമാനപ്പെട്ട കെ. സി. ജോസഫ് പറഞ്ഞത് ശരിയാണ്. കുടിയൊഴിപ്പിക്കുന്നത് ഇപ്പോൾ നിർത്തിവയ്ക്കണം. അത് തടയാൻ കഴിയണം. കോടതിയിൽനിന്ന് അവർക്ക് അനുകൂലമായ വിധി വരുന്നില്ല. എക്സിക്യൂട്ടീവിൽനിന്ന് നീതി കിട്ടുന്നില്ല. അങ്ങനെ വരുമ്പോൾ ഒരു നിയമനിർമ്മാണ സഭ വർഷങ്ങളായി ഭൂമി കൈവശംവച്ചുവരുന്ന കൃഷിക്കാരെ സംരക്ഷിക്കാൻ ബാധ്യതയുള്ള, ജനങ്ങളുടെ വികാരം അറിയുന്ന, ഒരു സഭ-അത് നമ്മൾ നിർവ്വഹിച്ചിട്ടുണ്ടോ? അങ്ങനെ വരുമ്പോൾ ഏതൊക്കെ തരത്തിലുള്ളവരെയാണ് സംരക്ഷിക്കേണ്ടത്. അതിനാണ് സാവകാശം വേണമെന്ന് അന്നും ഞങ്ങൾ പറഞ്ഞത്. നാമമാത്രമായ ഭൂമിയുള്ളവരും ഏക്കർ കണക്കിന് ഭൂമി കൈവശ മുള്ളവരും, അതിന് വ്യക്തമായ നിർവ്വചനം വേണം. കേരള ഭൂപരിഷ്കരണ നിയമത്തിന്റെ ഡെഫനിഷനുകൾ വിവരിക്കുന്ന ആ ഭാഗത്ത് Small Holder എന്നതിനെ കൃത്യമായി നിർവ്വചിക്കുന്നുണ്ട്. Small holder means a landlord who does not have interest in land not exceeding four standard acre. (2) Four acres in extent.....രണ്ടും പറയുന്നുണ്ട്. എന്നു പറഞ്ഞാൽ നാല് ഏക്കർ വരെയുള്ള ഭൂമി ഉടമകളെ യാണ് ചെറുകിട കർഷകരായി നിർവ്വചിച്ചിട്ടുള്ളത്. ഇത് വർഷങ്ങൾക്ക് മുൻപുള്ളതാണ്. ഇത് നമുക്ക് അഞ്ച് ഏക്കർ വരെയാകാം. അഞ്ചേക്കർ എന്നു പറയുമ്പോൾ രണ്ട് ഹെക്ടർ. ഇക്കാര്യമാണ് പ്രതിപക്ഷത്തുനിന്ന് അന്ന് പങ്കെടുത്തിട്ടുള്ള രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികൾ അവതരിപ്പിച്ചിട്ടുള്ളത്. എന്ന് മാത്രമല്ല വടക്കേക്കളം ഭൂപ്രശ്നം ഉയർന്നുവന്ന സന്ദർഭത്തിൽ ജനപ്രതിനിധികളായിട്ടുള്ള നമ്മളെല്ലാം അവിടെ പോയി. പത്തേക്കറിൽ കൂടുതൽ ഭൂമി കൈവശമുള്ളവർ എത്രയാണെന്ന് അങ്ങേക്ക് അറിയാമല്ലോ; ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി അത്രത്തോളം മനസ്സിലാക്കിയോ

LIBRARY ARCHIVES Kerala Legislative Assembly

എന്ന് അറിയില്ല. ശ്രീ. കെ. സി. ജോസഫിന് നന്നായി അറിയാം. രണ്ടോ മൂന്നോ ആളുകൾ മാത്രമാണ്. മഹാ ഭൂരിപക്ഷം ചെറുകിട കർഷകരുടെ നിർവ്വചനത്തിൽ വരുന്നവരാണ്. ഇന്ന് പൊതുവിൽ അംഗീകരിക്കപ്പെട്ടിട്ടുള്ളതും ചെറുകിട കർഷകരെന്ന നിർവ്വചനത്തിൽ വരുന്നതും അഞ്ചേക്കർ ഭൂമി കൈവശം വയ്ക്കുന്നവരാണ്. അത്തരത്തിലുള്ള കർഷകർക്ക് നമുക്ക് സംരക്ഷണം കൊടുക്കണം. ഭൂപരിഷ്കരണ നിയമത്തിൽ ഭേദഗതി വരുത്തുന്നതിന് സംരക്ഷണം കൊടുക്കണം. അക്കാര്യത്തിൽ ഒരു തർക്കവുമില്ല. നമ്മുടെ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇന്ന് നില നിൽക്കുന്ന പട്ടയത്തിന്റെ പ്രശ്നങ്ങൾ എടുത്ത് പരിശോധിച്ചാൽ ഈ വശമാണ് കാണുന്നത്. ഇപ്പോൾ ഇടുക്കി ജില്ലയിൽ നാൽപതിനായിരത്തോളം വരുന്ന കർഷകർ പട്ടയത്തിനുവേണ്ടിയുള്ള പ്രശ്നങ്ങൾ ഉയർത്തിക്കൊണ്ട് വന്നിരിക്കുകയാണ്. ഈ വിധത്തിൽ ഭൂരിപക്ഷവും അഞ്ചേക്കറിൽ കുറഞ്ഞ ഭൂമിയുള്ളവരാണ്. അവർക്ക് സംരക്ഷണം കൊടുക്കണം. പത്തനംതിട്ട ജില്ലയിൽ ഇരുപതിനായിരത്തോളം ആളുകൾ, ഇതേ രീതിയിൽ ന്യായമായും സംരക്ഷണം അവകാശപ്പെടുന്നവർ തൃശ്ശൂർ ജില്ലയിലുണ്ട്. വയനാട് ജില്ലയിലുമുണ്ട്. വയനാട് ജില്ലയിലെ ഈ പ്രദേശങ്ങളിൽ വർഷങ്ങളായി ഭൂമി കൈവശം വച്ചിരിക്കുന്നവരുടെ, കുടിയൊഴിപ്പിക്കൽ ഭീഷണി നേരിടുന്നവരുടെ പ്രശ്നങ്ങൾ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുടെ മുൻപാകെ നിരവധി തവണ ഞങ്ങളെല്ലാം ശ്രദ്ധയിൽപ്പെടുത്തിയതാണ്. വൈത്തിരി താലൂക്കിൽ കുന്നത്തിടവക വില്ലേജിൽ ഇരുന്നൂറിലധികം കുടുംബങ്ങളുണ്ട്. ഇവരുടെ കൈയിൽ ഉള്ളത് ഒരേക്കറോ രണ്ടേക്കറോ ഭൂമി മാത്രമാണ്. അറുപത് വർഷത്തിലധികമായി അവർ കൈവശം വച്ചുവരുന്നു. അവിടെ പള്ളിയുണ്ട്, സ്ക്കൂളുണ്ട്, ആരോഗ്യവകുപ്പിന്റെ ആരോഗ്യ കേന്ദ്രങ്ങളുണ്ട്. അംഗൻവാടികൾ പ്രവർത്തിക്കുന്നുണ്ട്. ഇവരൊക്കെ കുടിയൊഴിപ്പിക്കൽ ഭീഷണിയെ നേരിടുകയാണ്. അവർക്ക് സംരക്ഷണം കൊടുക്കണം. തർക്കമില്ല. കോട്ടപ്പാടി വില്ലേജിൽ ഇതുപോലെ ഇരുന്നൂറിൽ അധികം കുടുംബങ്ങളുണ്ട്. പത്തേക്കറിന് മുകളിൽ ഭൂമിയുള്ളവരല്ല. നാമമാത്രമായിട്ടുള്ള ഭൂമി കൈവശം വച്ചുവരുന്നവരാണ്. അവർക്ക് ന്യായമായിട്ടുള്ള രേഖകളുണ്ട്. പൂതാടി പഞ്ചായത്തിൽ അരയേക്കറിൽ താഴെ ഭൂമിയുള്ളവർകൂടി ഇന്ന് കുടിയൊഴിപ്പിക്കൽ ഭീഷണി നേരിടുന്നു. ചുരുക്കത്തിൽ വയനാട് ജില്ലയിലാകെ ഏതാണ്ട് ഇരുപതിനായിരത്തോളം ആളുകൾ കുടിയൊഴിപ്പിക്കൽ ഭീഷണിയിലാണ്. വിശദമായിട്ടുള്ള പരിശോധന നടത്തിയാൽ കാണാൻ സാധിക്കും അവർ നാമമാത്രമായ ഭൂമി കൈവശം വച്ചുവരുന്നവരാണ് എന്ന്. ചിലത് റവന്യൂ വകുപ്പും ഫോറസ്റ്റ് വകുപ്പും ജോയിന്റ് വെരിഫിക്കേഷൻ നടത്തി അവർക്ക് ഭൂമിക്ക് അർഹതയുള്ളതാണെന്ന് കണക്കാക്കിയിട്ടുള്ളതാണ്. ഇവരെയൊക്കെയും ഈ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരണം. അങ്ങനെ അത്തരക്കാരെ കൊണ്ടു വരുമ്പോൾ എന്തിനാണ് നിയമത്തിൽ ഇങ്ങനെ ഒരു ക്ലാസ്. 7 ഇ ക്ലാസിൽ പറയുന്നത് .....four hectares in extent, acquired by him or his predecessor in interest by way of purchase or otherwise on payment of consideration from any person holding land in excess of the ceiling area..... ഇങ്ങനെ ഒരു പ്രത്യേകമായ ക്ലാസ് വച്ചതോടെ ഏത് നിലയിൽ കൈവശത്തിൽ വന്നാലും ഇവിടെ ശ്രീ. കെ. സി. ജോസഫ് പ്രസംഗിച്ചപ്പോൾ വടക്കേക്കളത്തിന്റെ അനുഭവം പറഞ്ഞു, മിച്ചഭൂമിയാണെന്ന് അവർക്കറിയില്ല. കാശ് കൊടുത്തിട്ട് വന്നു. അവർക്ക് പ്രമാണമുണ്ട്. അവർ നികുതി അടച്ചിട്ടുണ്ട്. അതൊക്കെ ശരിയാണ്. അവിടെപ്പോയി കണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ചിലർ പ്രമാണവുമില്ലാതെ കേരളത്തിന്റെ വിവിധ പ്രദേശങ്ങളിൽ ഭൂമി കയ്യേറിയിട്ടുണ്ട്. അത് യാഥാർത്ഥ്യമല്ലേ; ഒരു പത്രത്തിൽ ഈയിടെ ബഹുമാനപ്പെട്ട കെ. സി. ജോസഫിന്റെ ഗവൺമെന്റിനെപ്പറ്റി വിശേഷിപ്പിച്ച കാര്യം ഞാൻ വായിക്കട്ടെ. മുഖപ്രസംഗത്തിൽ യു.ഡി.എഫ്. അധികാരത്തിൽ വന്നതിനുശേഷം കയ്യേറ്റക്കാരുടെ വാഴ്ചയാണിപ്പോൾ. എ. കെ. ആന്റണി അധികാരത്തിൽ വന്നതിനുശേഷം പ്രമാണിമാർ പൊതുമേഖല കയ്യേറി വളച്ചുകെട്ടി സ്വന്തമാക്കുന്ന പ്രവണത തുടങ്ങി. ഇപ്പോൾ ഉമ്മൻ ചാണ്ടിയുടെ ഭരണം വന്നപ്പോൾ കയ്യേറ്റക്കാർ അവിടെ വാഴ്ചയാണ്. വനം കയ്യേറ്റം ദേശീയ പാതയുടെ ഇരു വശവുമുള്ള പൊതു സ്ഥലങ്ങൾ കയ്യേറുന്നു. കാടും കുന്നുകളും കായലും കടൽത്തീരങ്ങളും കൊട്ടാരവും കയ്യേറുന്നു. ഒരു കയ്യേറ്റ സർക്കാർ. അത്തരം ഒരു സർക്കാർ ഇങ്ങനെ ഒരു നിയമം കൊണ്ടുവന്നാൽ "or otherwise on payment" എന്ന ക്ലാസ് കൂടി വച്ച് ഒരു നിയമം പാസാക്കിയാൽ പത്തേക്കറിൽ നിൽക്കുകയില്ലേ. ചെറുകിട കൃഷിക്കാരുടെ നിർവ്വചനത്തിൽ പെടില്ല. ഈ നിയമത്തിന്റെ പഴുതുപയോഗിച്ച് വടക്കേക്കളത്തേയോ, ഇടുക്കിയിലേയോ, പത്തനംതിട്ടയിലേയോ തൃശ്ശൂരിലേയോ കുടിയൊഴിപ്പിക്കപ്പെടുന്ന, ന്യായമായ സംരക്ഷണം അവകാശപ്പെടുന്ന ചെറുകിട കർഷകരെ സംരക്ഷിക്കുക എന്നതല്ല. ഗൂഢലക്ഷ്യം മറ്റൊന്നാണ്. അതാണ് സംശയദൃഷ്ടിയോടുകൂടി ഇതിനെ വീക്ഷിക്കേണ്ടി വരുന്നത്.

സർ, ഞങ്ങളുടെ നിയമം എന്താണ്? ഞങ്ങൾ കൊണ്ടുവന്നിട്ടുള്ള നിയമത്തിൽ ശ്രീ. കെ. എം. മാണി ഇവിടെ പറഞ്ഞതുപോലെ എന്തെങ്കിലും ക്ളാസ് ഉണ്ടോ? "or otherwise" ഞങ്ങൾ വ്യക്തമായി പറഞ്ഞു, ഈ നിയമം കണ്ണൂർ ജില്ലയിലെ വടക്കേക്കളത്തിൽ കുടിയൊഴിപ്പിക്കുന്ന കൃഷിക്കാർക്ക് മാത്രം ബാധകമാണ്. അതാണ് ഉദ്ദേശ്യലക്ഷ്യങ്ങളിൽ ഞങ്ങൾ പറഞ്ഞത്. ഞങ്ങൾ "or otherwise" എന്ന ക്ളാസ് കൊണ്ടുവന്നിട്ടില്ല.

ശ്രീ. കെ. സി. ജോസഫ്: സർ, ...It is very cruel. അങ്ങ് ഈ ഭാഗം മാത്രം വായിച്ചുപോകരുത്. എന്താണ് പറയുന്നത്? . ."A tenant is a person who at the commencement of the Kerala Land Reforms Act, 2004, is in possession of any land, not exceeding four hectares in extent, acquired by him or his predecessor-in-interest by way of purchase or otherwise on payment of consideration.....". എന്താണ് അർത്ഥം? അങ്ങ് എന്താണ് നിർത്തിക്കളയുന്നത്? .....by way of purchase or otherwise on payment of consideration from any person holding land in excess of the ceiling area, ... ഇങ്ങനെ ദയവായി സംസാരിച്ചുപോകരുത്.

ശ്രീ. എം. വി. ജയരാജൻ: സർ, ബഹുമാനപ്പെട്ട കെ.സി. ജോസഫ് പറഞ്ഞതു തന്നെയാണ് ഞങ്ങളും പറയുന്നത്. കാട്ടിലെ തടി തേവരുടെ ആന, വലിയെടാ വലി. ശ്രീ. കെ. സി. ജോസഫിന്റെയോ എം.വി. ജയരാജന്റെയോ അല്ല ഭൂമി. ഇത് മിച്ചഭൂമിയാണ്. പാവപ്പെട്ട കർഷകത്തൊഴിലാളിക്ക് കിട്ടേണ്ടതാണ്. സർക്കാരിന്റെയാണ്. ആ ഭൂമി എന്റേതാണ് എന്നു പറഞ്ഞ് 10 രൂപാ വാങ്ങിയിട്ട് "by consideration not by document", നിങ്ങൾക്ക് അവിടെ "by document" എന്നെങ്കിലും ചേർക്കാൻ കഴിഞ്ഞിരുന്നുവെങ്കിൽ നിങ്ങളുടെ ഉദ്ദേശശുദ്ധിയെ ചോദ്യം ചെയ്യുകയില്ലായിരുന്നു. കാശ് കൊടുത്ത് ഭൂമി വാങ്ങി, എന്നിട്ട് വിൽക്കുന്നു. വിൽക്കുന്നവന് എന്തും വിൽക്കാം. പണ്ട്

LIBRARY ARCHIVES Kerala Legislative Assembly

രാജാവുണ്ടാക്കിയ കൊട്ടാരം വിറ്റു. എന്നിട്ടിപ്പോൾ കൊട്ടാരത്തിന് പുറത്ത് ഒരു നോട്ടീസ് ഒട്ടിച്ചുവച്ചിരിക്കുകയാണ്. ഇത് രാജാവിന്റേതാണ്. എന്തുവിലയാണ്.? ഞാൻ കഴിഞ്ഞ ദിവസം അവിടെ പോയപ്പോൾ, ആ കൊട്ടാരം ഇപ്പോൾ ഹോട്ടലിന്റെ ആളുകൾ തന്നെ കൈവശം വച്ച് ടൂറിസ്റ്റുകളേയും കൊണ്ടുനടക്കുന്നു. അതുകൊണ്ട്....

ശ്രീ. എ. കെ. ബാലൻ: സർ, ഒരു ലാൻഡ് ട്രിബ്യൂണലിന്റെ മുമ്പാകെ ഒരു അപേക്ഷ മാത്രം കൊടുത്താൽ 10 ഏക്കർ ഭൂമി കൈവശം വയ്ക്കാൻ പറ്റാവുന്ന പ്രൊട്ടക്ഷൻ സെക്ഷൻ ഈ നിയമത്തിൽ ഉണ്ടെന്നുള്ളത് ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എം. വി. ജയരാജൻ : അതുതന്നെയാണ് ഭൂരഹിതരായ ആദിവാസികൾക്കും കർഷകത്തൊഴിലാളികൾക്കും ദരിദ്ര കൃഷിക്കാർക്കും ഈ നിയമം ഇതേപോലെ പാസ്സാക്കിയാൽ അപകടമാണെന്ന് ഉൽക്കണ്ഠ വരാൻ കാരണം. ആ ഉൽക്കണ്ഠയാണ് ഞങ്ങൾ പ്രകടിപ്പിക്കുന്നത്. ഇത് ഞങ്ങൾ മാത്രമല്ല,.....

ശ്രീ. കെ. സി. ജോസഫ്: നിങ്ങളുടെ കാലത്തെ ബില്ലിലെ വ്യവസ്ഥയെപ്പറ്റി അങ്ങിവിടെ പറഞ്ഞു. 1998-ലെ കേരള ഒഴിപ്പിക്കൽ നിയമനടപടികൾ നിർത്തിവയ്ക്കൽ ആക്ടാണ്. അന്ന് ആരാണ് മുഖ്യമന്ത്രി? ശ്രീ. ഇ. കെ. നായനാർ. റവന്യൂ വകുപ്പുമന്ത്രി ആരാണ്? ശ്രീ. കെ. ഇ. ഇസ്മയിൽ. ആ ബില്ലിന്റെ ക്ളാസ് 3(എ)-യിൽ പ്രതിഫലം നൽകി വാങ്ങിയ ആളെന്ന നിലയിൽ രജിസ്റ്റർ ചെയ്ത പ്രമാണത്തിന്റെ ബലത്താലോ മറ്റു വിധത്തിലോ, "or otherwise" കൈവശം വച്ചിരിക്കുന്നതോ പിന്നീട് 1963-ലെ കേരളാ ഭൂപരിഷ്ക്കരണ നിയമ വ്യവസ്ഥകൾ അനുസരിച്ച് മിച്ചഭൂമിയായി കാണപ്പെട്ടിട്ടുള്ള തായ ഏതെങ്കിലും ഭൂമി കൈവശത്തിലോ അവകാശത്തിലോയുള്ള ഏതെങ്കിലും നടപ്പു കുടിയാനെയോ ചെറുകിട കൈവശക്കാരനെയോ അങ്ങനെയുള്ള ഭൂമിയിൽനിന്നും ഒഴിപ്പിക്കാൻ പാടില്ല, "or otherwise" എന്നു പറഞ്ഞാൽ മറ്റു വിധത്തിലോ എന്നാണ്. ഞങ്ങളുടെ ബില്ലും നിങ്ങളുടെ ബില്ലും ഒരേ ബിൽ തന്നെയാണ്.

ശ്രീ. എം. വി. ജയരാജൻ: ആ നിയമത്തിലെ സെക്ഷൻ 3 തന്നെയാണ് ഞങ്ങൾ പറയുന്നത്. സെക്ഷൻ 3 എന്നു പറയുന്നത് ഒഴിപ്പിക്കൽ നടപടികൾ നിർത്തിവയ്ക്കൽ ആണ്. ഇപ്പോൾ 7(ഇ) കൊടുക്കലാണ്. ഭൂമിയുടെ അവകാശം കൊടുക്കലാണ്. ഒഴിപ്പിക്കൽ നിർത്തിവയ്ക്കാൻ കൈവശം എത്രയുണ്ടോ അതു മുഴുവൻ ഒഴിപ്പിക്കുന്നത് തടയണം. ഇത് സമഗ്രമായിട്ടുള്ള ഒരു നിയമം പാസ്സാക്കുന്നതാണ്. ശ്രീ. കെ. സി. ജോസഫിന്റെ കയ്യിൽ ഇപ്പോൾ എത്ര ഏക്കർ ഭൂമിയുണ്ടോ തൽക്കാലം ഒഴിപ്പിക്കേണ്ട. അതുകൊണ്ടാണ് എല്ലാ വർഷവും നിയമം കൊണ്ടുവരുന്നത്.

ശ്രീ. കെ. സി. ജോസഫ്: സർ, പിന്നീട് സമഗ്രമായ നിയമം കൊണ്ടു വരാവുന്നതാണ്.

ശ്രീ. എം. വി. ജയരാജൻ : സമഗ്രമായ നിയമം കൊണ്ടുവരുമ്പോൾ ഇതിനൊരു പരിധി നിശ്ചയിക്കണം. മുഴുവൻ ഭൂമിയിലും ഇവർക്ക് കൈവശാവകാശം കൊടുത്തുകൂടാ. വടക്കേക്കളത്തിന്റെ കാര്യം നമുക്കറിയാം. ഇതേ ഭൂമി കൈവശം വച്ചുവരുന്ന വടക്കേക്കളത്തിൽ പാവപ്പെട്ട ആദിവാസികൾ ഒരു തുണ്ടു ഭൂമിപോലും ഇല്ലാത്തവരുണ്ട്. ഇവിടെ അഞ്ചേക്കറിൽ കൂടുതൽ ഭൂമി കൈവശം വച്ചിരിക്കുന്നവരുടെ

LIBRARY ARCHIVES Kerala Legislative Assembly

കയ്യിൽനിന്ന് ഭൂമി എടുത്താൽ, അത് മിച്ചഭൂമിയാണ്. ആ ഭൂമി എടുത്ത് ഒരു തുണ്ടു ഭൂമിപോലും ഇല്ലാത്ത ആദിവാസികൾക്ക് കൊടുത്തുകൂടേ? അതിന് സന്നദ്ധമാകാത്തത് എന്താണ്? വടക്കേക്കളത്തിലെ പാവപ്പെട്ട ആദിവാസികൾക്കെങ്കിലും ഭൂമി കൊടുത്തുകൂടേ? പത്തേക്കർ ആക്കുന്നതിനു പകരം അഞ്ചേക്കറായി സീലിംഗ് വച്ചാൽ നല്ലതാണ്. സീലിംഗിന്റെ കാര്യം ഞങ്ങൾ മാത്രമല്ല പറയുന്നത്. 1963 സെപ്റ്റംബർ മാസം 20-ാം തീയതി ഇതേ നിയമസഭയിൽ സമാന സ്വഭാവത്തിലുള്ള ഒരു ബില്ലിന്റെ ചർച്ചയിൽ അന്ന് പി. ടി. ചാക്കോ നടത്തിയ പ്രസംഗത്തിൽ നിന്ന് ഏതാനും ചില കാര്യങ്ങൾ ഞാൻ പറയാം. അദ്ദേഹം പറഞ്ഞു, ഒരു ഏക്കറോ ഒന്നര ഏക്കറോ തെങ്ങിൻതോപ്പുകളോ കവുങ്ങിൻ തോപ്പുകളോ എന്നൊക്കെയായിരുന്നു വ്യവസ്ഥ ചെയ്തിരുന്നത്. അതിനെപ്പറ്റിയുള്ള കൂടുതൽ വ്യവസ്ഥകളിലേക്ക് ഞാൻ കടക്കുന്നില്ല. അതെല്ലാം ഏതാണ്ട് കൃത്രിമമായി വച്ചതായിരുന്നു. തിരുവനന്തപുരം താലൂക്കിലെ ഒരേക്കർ ഇരുപ്പു നിലമാണ് ഒരു സ്റ്റാൻഡേർഡ് ഏക്കറായിട്ട് കണക്കാക്കിയിട്ടുള്ളത്. ഇടക്കാല നിയമം വന്നപ്പോൾ അവർക്ക് സംരക്ഷണം കൊടുത്തു. അവർക്ക് സംരക്ഷണം കൊടുക്കേണ്ടത് അത്യാവശ്യമാണെന്ന് ബോധ്യമായതിന്റെ ഫലമായി അവർക്കും ഈ പുതിയ നിയമപ്രകാരം സംരക്ഷണം കൊടുക്കാനുള്ള വ്യവസ്ഥ ചേർത്തിട്ടുണ്ട്. സീലിംഗ് വളരെ വ്യക്തമാണ്.

ശ്രീ. എ. എൻ. രാജൻ ബാബു: സർ, അങ്ങു പറയുന്നത്, പ്രമാണ പ്രകാരമോ അല്ലാതെയോ മറ്റു വിധത്തിലോ എന്നു പറഞ്ഞുകഴിഞ്ഞാൽ മറ്റുള്ളവരെക്കൂടി ഉൾപ്പെടുത്തി ഭൂമി കൊടുക്കാനുള്ള സിസ്റ്റം ആണെന്നാണ് ആരോപണം. എന്നാൽ ഈ ബില്ലിന്റെ ഒബ്ജക്ട് വായിച്ചുകഴിഞ്ഞാൽ ആ സംശയം ഇല്ലാതാകും. ഈ ബില്ലിന്റെ ഒബ്ജക്ട് പ്രതിഫലം നൽകി വാങ്ങുകയോ മറ്റു വിധത്തിൽ ആർജ്ജിക്കുകയോ ചെയ്തിട്ടുള്ളത് എന്ന് രജിസ്റ്റർ ചെയ്ത പ്രമാണത്തിൻ മുഖാന്തിരമോ മറ്റു വിധത്തിലോ, തെളിയിക്കപ്പെട്ടിട്ടുള്ള ഭൂമിയിൽനിന്നും ചെറുകിട ഭൂമി കൈവശക്കാരും കൃഷിക്കാരായ കുടികിടപ്പുകാരും ഒഴിപ്പിക്കൽ അഥവാ ഉടമസ്ഥാവകാശം ഇല്ലാതാക്കൽ ഭീഷണി നേരിട്ടുകൊണ്ടിരിക്കുന്ന..... എന്നിങ്ങനെ ധാരാളം നടപടിക്രമങ്ങളുണ്ട്. അപ്രകാരം വാങ്ങിയ ഭൂമിയിൽ ചെറുകിട കർഷകരേയും കൃഷിക്കാരായ കുടികിടപ്പുകാരേയും ഒഴിപ്പിക്കാതിരിക്കുന്നതിനുവേണ്ടിയാണ് ഈ നിയമം. എന്നു പറഞ്ഞാൽ, ഈ പ്രമാണം മുഖേന വന്നിട്ടുള്ള ചെറുകിട കർഷകരും കൃഷിക്കാരായ കുടികിടപ്പുകാരുമേ ഇതിനകത്ത് വരുന്നുള്ളൂ. അങ്ങയുടെ സംശയം അസ്ഥാനത്താണ്.

ശ്രീ. എം. വി. ജയരാജൻ: എന്റെ സംശയം അസ്ഥാനത്തല്ല. അങ്ങു പറഞ്ഞതോടുകൂടി എന്റെ സംശയം ദൃഢീകരിച്ചു. രണ്ടു കാറ്റഗറിയേ വരുന്നുള്ളൂ. ആ രണ്ടു കാറ്റഗറി.....

ശ്രീ. എ. എൻ. രാജൻ ബാബു: സർ, അങ്ങു പറഞ്ഞ സംശയം ഇതിനകത്ത് വരുന്നില്ല.

ശ്രീ. എം. വി. ജയരാജൻ: അങ്ങു പറഞ്ഞതോടുകൂടി എന്റെ സംശയം ബലപ്പെട്ടു. കാരണം അങ്ങ് ഒരു അഭിഭാഷകൻ ആണെന്നുള്ളതുകൊണ്ടാണ്. അങ്ങു പറഞ്ഞത് ചെറുകിട കർഷകരും കൃഷിക്കാരായ കുടികിടപ്പുകാരും എന്നാണ്. ചെറുകിട കൃഷിക്കാർ ആരാണ്? അതു പറയണം. അങ്ങ് അഭിഭാഷകൻ ആണല്ലോ? ചെറുകിട കൃഷിക്കാർക്ക് എത്ര ഏക്കർ വരെ ഭൂമി കൈവശം വയ്ക്കാം? കൃഷിക്കാരായ കുടികിടപ്പുകാർ ആരാണ്? എത്ര ഏക്കർ വരെ അവർക്ക് ഭൂമി കൈവശം വയ്ക്കാം? അങ്ങ് വക്കീലാണല്ലോ, പറയണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. എൻ. രാജൻ ബാബു : പ്രമാണം മുഖാന്തിരമായും മറ്റു വിധത്തിലും തെളിയിക്കപ്പെട്ടിട്ടുള്ള ഭൂമിയിൽനിന്ന് ചെറുകിട കൈവശക്കാരും കൃഷിക്കാരായ കുടികിടപ്പുകാരും എന്നാണ്. പ്രമാണം കൊണ്ടുവന്നിട്ടുള്ള ചെറുകിട കർഷകർ, പ്രമാണമില്ലാത്ത കൃഷിക്കാരായ കുടികിടപ്പുകാർ.....

ശ്രീ. എം. വി. ജയരാജൻ: അതു വ്യക്തമാണ്. ചെറുകിട കൃഷിക്കാർക്ക് എത്ര ഏക്കർ വരെ ഭൂമി കൈവശം വയ്ക്കാം. കൃഷിക്കാരായ കുടികിടപ്പുകാർക്ക് എത്ര ഏക്കർ വരെ ഭൂമി കൈവശം വയ്ക്കാം. അതാണ് ഇവിടത്തെ തർക്കം. സ്പീക്കർ സർ, നമ്മുടെ രണ്ടാളുകളുടേയും തർക്കത്തിൽ അങ്ങ് ഇടപെടണം. 25 ഏക്കർ ഭൂമി കൈവശമുള്ള കൃഷിക്കാരൻ ചെറുകിട കൃഷിക്കാരനാണോ? പത്തേക്കർ കൈവശമുള്ള കൃഷിക്കാരൻ ചെറുകിട കൃഷിക്കാരനാണോ? അല്ല. അതുകൊണ്ട് ഇവിടെ അധികമുള്ള ഭൂമി കണ്ടെത്തി മിച്ചഭൂമി കണക്കാക്കി പാവപ്പെട്ട ആദിവാസികൾക്കും ഭൂരഹിതരായ കർഷകത്തൊഴിലാളികൾക്കും കൊടുക്കണം. ഇതാണ് ഞങ്ങൾ പറയുന്നത്. മറ്റൊന്നും ഞങ്ങൾ പറയുന്നില്ല. വടക്കേക്കളത്തെ ആളുകളേയും ഇടുക്കിയിലെ ആളുകളേയും ചീമേനിയിലെ ആളുകളേയും പത്തനംതിട്ടയിലെ ആളുകളേയും ആരേയും ഇറക്കേണ്ട. കോട്ടയത്ത് മതികെട്ടാനിൽ കയറിയതേയുള്ളൂ. ശ്രീ. ജോസഫ് എം. പുതുശ്ശേരിയെപ്പോലുള്ള ആളുകൾ മതികെട്ടാനിലൊക്കെ കയറുന്നവരെ പ്രോൽസാഹിപ്പിക്കുകയാണ് ചെയ്യുന്നത്. മതികെട്ടാൻ വനം പോലെ കയ്യേറി കൈവശം വച്ചുകൂടാ. അവർക്ക് സംരക്ഷണം കൊടുത്തുകൂടാ. മതികെട്ടാൻ കയ്യേറിയവർക്ക് സംരക്ഷണം കൊടുക്കാനാണെങ്കിൽ അതു നിങ്ങൾ പറയണം. ഞങ്ങൾ അതിന് എതിരാണ്.

ശ്രീ. എ. കെ. ബാലൻ: സർ, ബഹുമാനപ്പെട്ട എ. എൻ. രാജൻ ബാബു ഒരു കാര്യം പറഞ്ഞല്ലോ. "7 E. Certain persons who acquired lands to be deemed tenants - എന്നാണ്. Tenants -ന്റെ നിർവ്വചനത്തിലാണ് 10 ഏക്കർ വരുന്നത്.

ശ്രീ. എം. വി. ജയരാജൻ: ഏതായാലും ബഹുമാനപ്പെട്ട എ. എൻ. രാജൻ ബാബു പറഞ്ഞതുകൊണ്ട് ശ്രീമതി കെ. ആർ. ഗൗരിയമ്മ 1963 ഒക്ടോബർ രണ്ടിന് ഈ നിയമസഭയിൽ നടത്തിയ പ്രസംഗം ഞാൻ ഉദ്ധരിക്കാം. "പരിധി കടലാസിൽ മാത്രമുള്ള ഒരു വ്യവസ്ഥയായി തീർന്നിരിക്കുകയാണ്. സംസ്ഥാനത്തെ 80 ശതമാനത്തോളം വരുന്ന കാർഷിക ജനതയുടെ ഉത്ക്കർഷത്തെ പരിഗണിച്ചാണെന്നു പറഞ്ഞുകൊണ്ട് വന്നിരിക്കുന്ന ഭൂപരിഷ്ക്കരണ നിയമത്തിനുള്ള ഭേദഗതിയിൽ അവരുടെ സാമൂഹ്യ സാമ്പത്തിക അഭിവൃദ്ധിക്ക് പ്രതിബന്ധമുണ്ടാക്കുന്ന വ്യവസ്ഥകളാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്. എന്റെ വീട്ടിനടുത്ത് കോച്ച എന്നുപേരുള്ള ഒരു വ്യക്തിയുണ്ട്. ഒരുപക്ഷേ ശ്രീ. കെ. പി. വിശ്വനാഥന് (അന്നത്തെ അംഗങ്ങളാണ്) അറിയാമായിരിക്കും. കോച്ചക്ക് 1958 ഡിസംബറിനുശേഷം കൊച്ചിയിൽ വീടിരിക്കുന്ന സ്ഥലം ഒഴിച്ചുള്ള, കുടിയാന്റെ കൈവശമിരിക്കുന്ന ഭൂമി ഒഴിച്ച് ഒരിഞ്ച് സ്ഥലംപോലും കൈവശമില്ലെന്നായി. മിച്ചഭൂമി കണക്കാക്കുന്ന ഈ നിയമത്തിന്റെ പരിധിയിൽനിന്നും രക്ഷപ്പെടാനായി കൈവശമുള്ള എല്ലാ ഭൂമിയും വില്പന നടത്തി കൈമാറി." പരിധി നിശ്ചയിച്ച് പാവപ്പെട്ടവനെ സംരക്ഷിക്കണമെന്നാണ് ശ്രീമതി കെ. ആർ. ഗൗരിയമ്മ ശ്രീ. എ. എൻ. രാജൻബാബുവിനെ പഠിപ്പിച്ചത്. അത് അദ്ദേഹം മറന്നു. എന്താണ് ഇവിടെ കാണുന്നത്? യു. പി. ഗവൺമെന്റിന്റെ Common Minimum Programme-ൽ പറഞ്ഞ കാര്യം ഇവിടെ ഉദ്ധരിക്കട്ടെ, ബഹുമാനപ്പെട്ട കെ. സി. ജോസഫ് കേൾക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

വേണ്ടിയാണ് ഞാനിതു പറയുന്നത്. "നിലവിലുള്ള കാർഷിക പരിഷ്ക്കരണ നിയമത്തിൽ ഭൂപ്രഭുക്കന്മാർക്ക് അനുകൂലമായി യാതൊരു മാറ്റവും വരുത്തുകയില്ല." എന്തിനാണ് അങ്ങ് വാദിച്ചുവാദിച്ച് കേസ് പൊളിക്കുന്നത്? നിലവിലുള്ള ഭൂപരിഷ്ക്കരണ നിയമത്തിൽ കൂടുതൽ ഭൂമിയുള്ള ഭൂപ്രഭുക്കന്മാർക്ക് അനുകൂലമായ മാറ്റം വരുത്തുന്നതിനോട് യോജിക്കുന്നില്ല. ഇവിടെയോ? 5 ഏക്കറാണെന്നുപറയുന്നത് 10 ഏക്കറാക്കി മാറ്റാനാണ് നോക്കുന്നത്. അതുകൊണ്ടാണ് ഞങ്ങൾക്ക് എതിർപ്പ്. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽ മറ്റൊരു കാര്യംകൂടി ഞാൻ പെടുത്തട്ടെ. ഇതിന്റെ കൂടെ നിങ്ങൾ നിയമസഭാ സാമാജികന്മാർക്ക് സർക്കുലേറ്റു ചെയ്ത ഒരു ബിൽ കൂടി എടുത്ത് വായിക്കണം. കശുവണ്ടിയും വാനിലയുമാണ് ആദ്യം പെടുത്തിയത്. പിന്നെ വാനില ഒഴിവാക്കി. കശുവണ്ടി ക്ഷാമമെന്നുള്ളത് പറഞ്ഞുകൊണ്ട് തോട്ടണ്ടിയുടെ പരിധിയിൽ കശുവണ്ടിയെക്കൂടി ഉൾപ്പെടുത്തി അതിന് സംരക്ഷണം കൊടുക്കുന്ന നിയമഭേദഗതിയാണ് ഇപ്പോൾ സർക്കുലേറ്റ് ചെയ്തിട്ടുള്ള ബില്ലിലുള്ളത്. അത് വളരെ വ്യക്തമാണ്. കേരളത്തിലുള്ള മിച്ചഭൂമിയും സർക്കാർ ഭൂമിയും മുഴുവൻ നഷ്ടപ്പെടുത്താൻ, വൻകിട ഭൂപ്രമാണിമാർക്ക് കൈവശപ്പെടുത്താൻ, കയ്യേറാൻ ലൈസൻസ് നൽകുന്ന മറ്റൊരു ബിൽ അവിടെ കിടക്കുകയാണ്. അപ്പോൾ ഈ ബിൽ ഇവിടെ പാസ്സാക്കിക്കഴിഞ്ഞാൽ കശുവണ്ടിയുടെ ബിൽ കൂടി അടുത്തുവരും. മനസ്സിലിരിപ്പ് വ്യക്തമാണ്. ആ ബിൽ കൂടി വന്നാൽ പിന്നെ മിച്ചഭൂമി എന്നൊന്ന് ഉണ്ടാകില്ല. ഞാൻ അങ്ങയോട് ചോദിക്കട്ടെ, Economic Review കിട്ടി. നമ്മുടെ നെൽക്കൃഷിയെക്കുറിച്ച് അന്താരാഷ്ട്ര നെൽവർഷമായ 2004-ലെ അനുഭവം പരിശോധിക്കണം. കൃഷിഭൂമിയുടെ വിസ്തീർണ്ണവും ഉല്പാദനവും ഉല്പാദനക്ഷമതയും കേരളത്തിൽ കുറഞ്ഞുവരുന്നു. 1970-ൽ 8.75 ലക്ഷം ഹെക്ടർ ആയിരുന്നത് 2004-ൽ 2.87 ലക്ഷം ഹെക്ടറായി. മൂന്നിലൊന്നായി നെൽക്കൃഷിക്കുവേണ്ടി ഉപയോഗിക്കുന്ന ഭൂമി കുറഞ്ഞുവരുന്നു. കശുവണ്ടിക്കുവേണ്ടി ബിൽ കൊണ്ടുവരുന്നവർ ആദ്യം ചെയ്യേണ്ടത് നെൽക്കൃഷിക്കാവശ്യമായ ഭൂമി കണ്ടെത്തലല്ലേ? നമ്മുടെ ധനകാര്യ വകുപ്പുമന്ത്രി മലർപ്പൊടിക്കാരന്റെ സ്വപ്നംപോലെ ഒരു സ്വപ്നം ബഡ്ജറ്റ് പ്രസംഗത്തിൽ നടത്തി. 10000 ഹെക്ടർ ഭൂമിയിൽ പുതിയതായി നെൽക്കൃഷി ആരംഭിക്കും, ഒരു ലക്ഷം പേർക്ക് ജോലി കൊടുക്കുമെന്ന് പറഞ്ഞു. എവിടെയാണ് ഭൂമിയുള്ളത്? നിങ്ങൾ സദുദ്ദേശത്തിലാണെങ്കിൽ അത് സംരക്ഷിക്കാൻ പുതിയ ഭൂമി കണ്ടെത്താൻ നിയമം കൊണ്ടുവരണം. എന്നാൽ മിച്ചഭൂമി തട്ടിപ്പറിച്ചെടുക്കാൻ ഭൂപ്രമാണിമാർക്ക് ലൈസൻസ് കൊടുക്കുന്ന നിയമമാണ് കൊണ്ടുവരുന്നത്. ഇതിനെയാണ് ഞങ്ങൾ എതിർക്കുന്നത്. മിച്ചഭൂമി വിതരണം ഇപ്പോൾ നടക്കുന്നില്ല. 41000 ലക്ഷം ഹെക്ടർ ഭൂമി മിച്ചഭൂമിയുണ്ട്. പാവപ്പെട്ട ആദിവാസികൾക്ക് ഭൂമി കൊടുക്കുന്നില്ല. ഭൂരഹിതരായ കർഷകത്തൊഴിലാളികൾക്കും ദരിദ്ര കൃഷിക്കാർക്കും ഭൂമി വിതരണം ചെയ്യുന്നില്ല. അതുകൊണ്ട് ന്യായമായ, അർഹതപ്പെട്ട ഭൂരഹിതരായ ആളുകളെ സംരക്ഷിക്കണം. വർഷങ്ങളായി കൈവശമുള്ള 5 ഏക്കർ വരെയുള്ള ഭൂമിക്ക് സംരക്ഷണം കൊടുക്കണം. അത് genuine ആയിട്ടുള്ള കാര്യമാണ്. അല്ലാതെയുള്ള ഭൂമികയ്യേറ്റത്തെ പ്രോത്സാഹിപ്പിക്കുന്ന ഒരു നിയമവും ഈ നിയമസഭ പാസ്സാക്കിക്കൂടാ എന്നുള്ളതുകൊണ്ടാണ് ഞങ്ങൾക്ക് ഇതിൽ വിയോജിപ്പ് രേഖപ്പെടുത്തേണ്ടിവന്നത്. ഞാൻ എന്റെ ഭേദഗതി മൂവ് ചെയ്യുന്നു.

ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ: സർ, നേരത്തേ പറഞ്ഞ കൈവശക്കാരനു ഭൂമി നഷ്ടപ്പെടാത്ത രീതിയിൽ ആയിരിക്കണം എന്ന ഒരു ഭേദഗതി വേണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്. മറ്റൊന്നും സംസാരിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ആവശ്യമില്ലാത്ത ഒരു തർക്കമാണ് ഇവിടെ കൊണ്ടുവന്നത്. ഒരു കാര്യവുമില്ല. 1960-ൽ Land Reforms Act പാസ്സായതിനും ഈ നിയമത്തിനുമിടയ്ക്കുള്ള എല്ലാ transfers -ഉം valid ആക്കുകയല്ല. 7(ഇ) വായിക്കുകയാണെങ്കിൽ അതിനകത്ത് പല കണ്ടീഷനുകളുമുണ്ട്. ഒന്ന്, ഈ വ്യക്തി പ്രതിഫലംകൊടുത്ത് ഭൂമി വാങ്ങിയിരിക്കണം, ഉത്തമവിശ്വാസത്തോടുകൂടി വാങ്ങിയതായിരിക്കണം, 4 ഹെക്ടറിൽ കൂടാൻ പാടില്ല, purchase ആയിട്ടോ അല്ലാതെയോ ആയിരിക്കണം. 1964-ലെ Kerala Land Reforms Act നിലവിൽ വന്നതിനുശേഷം ഒരു Transactions-ഉം പാടില്ല എന്നല്ല വ്യവസ്ഥ, Transactions ആകാം. പക്ഷേ മിച്ചഭൂമിയാണെന്നുണ്ടെങ്കിൽ മിച്ചഭൂമിയുടെ Transactions invalid ആണ്. ഇവിടെ സംഭവിച്ചത് മിച്ചഭൂമി surrender ചെയ്തു കൊടുത്തപ്പോൾ ജന്മി ചെയ്തത് കള്ളത്തരത്തിൽ കുടിയാന് പ്രതിഫലം വാങ്ങി കൊടുത്ത ഭൂമി, കൈവശമിരിക്കുന്ന ഭൂമി തന്റെ ഭൂമിയാണെന്നുപറഞ്ഞ് കള്ള return കൊടുത്തുകൊണ്ട് ആ കൃഷിക്കാരനെ defeat ചെയ്യുകയാണ്. അപ്പോൾ ഇതിൽ പറഞ്ഞിരിക്കുന്നത്, 7(ഇ)-ൽ പറയുന്നതു പോലെയുള്ള രീതിയിൽ നടന്നിട്ടുള്ള Transactions regularise ചെയ്യണമെന്നുള്ളതാണ്. അല്ലാതെ 1964-നുശേഷമുള്ള എല്ലാ Transactions-ഉം valid ആക്കിക്കൊണ്ടുള്ള നിയമനിർമ്മാണമല്ല ഇത്. അതിനിടയിൽ ഇതുപോലെ കബളിപ്പിക്കപ്പെട്ട മിച്ചഭൂമി Transactions-നെ സംബന്ധിച്ചിടത്തോളം അതിന് validity കൊടുക്കുന്നു, അതിനുവേണ്ടി ആവശ്യമായ വകുപ്പ് എഴുതിച്ചേർത്തു എന്നുള്ളതു മാത്രമേ ഇതിനകത്തുള്ളൂ. രണ്ടാമത്തെ ഗുടപടി ഇതിനകത്ത് വളരെ വ്യക്തമായി നാലാം വകുപ്പിലെ proviso ഉണ്ട്. ബില്ലിലെ നാലാം ക്ലാസ്സിലെ proviso-ൽ പറയുന്നത് മിച്ചഭൂമിയെടുത്ത് പതിച്ചുകൊടുത്തത് re-open ചെയ്യാൻ പാടില്ല. II-ൽ പറയുന്നു, കള്ളമായി ട്രാൻസ്ഫർ ചെയ്തതാണെങ്കിൽ ഉടമസ്ഥനിൽ നിന്നും അയാളുടെ മറ്റു ഭൂമി എടുക്കാം. അപ്പോൾ നമ്മൾ അവരെയൊന്നും വെറുതെവിടുന്നില്ല. അങ്ങനെയുള്ള കാര്യങ്ങളെ സംബന്ധിച്ചിടത്തോളമെല്ലാം ബില്ലിൽ മതിയായ പരിഗണനയുണ്ട്. ഇവിടെ പ്രധാനമായും ചർച്ച വന്നത് നാലു ഹെക്ടർ വേണമോ വേണ്ടയോ എന്നുള്ളതിനെ സംബന്ധിച്ചാണ്. ഞാൻ ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണനോട് ഒരു കാര്യം പറയട്ടെ, നിങ്ങൾ കൊടുത്ത മെമ്മോറാണ്ടം എന്റെ കയ്യിലുണ്ട്. ബഹുമാനപ്പെട്ട തലശ്ശേരി ബിഷപ്പ് സെബാസ്റ്റ്യൻ വള്ളുവപ്പള്ളിയും ഇപ്പോഴത്തെ ആർച്ചുബിഷപ്പ് വലിയമറ്റവും കൂടി ഉൾപ്പെട്ട ആ മെമ്മോറാണ്ടത്തിൽ സൈൻ ചെയ്തിരിക്കുന്ന ആളുകൾ സി.പി.എം. ജില്ലാ സെക്രട്ടറി എന്നുള്ള നിലയിൽ ശ്രീ. കോടിയേരി ബാലകൃഷ്ണനും മറ്റു സഹപ്രവർത്തകരുമാണ്. അതിൽ പറയുന്നതുപോലെ മതിയായ, ഉത്തമ വിശ്വാസത്തിൽ തക്കതായ പ്രതിഫലം നൽകി വർഷങ്ങൾക്കുമുമ്പ് വാങ്ങിയതും നാണ്യവിളകൾ വച്ചു പിടിപ്പിച്ചിട്ടുള്ളതും വീടു വച്ചു താമസിച്ചു വരുന്നതുമായ കൃഷിഭൂമിയിൽ നിന്നും യഥാർത്ഥ കർഷകരെ ഒഴിപ്പിക്കുന്നത് ഒരു കാരണവശാലും ന്യായീകരിക്കാൻ പറ്റില്ല. അതിനകത്ത് extend പറഞ്ഞിട്ടില്ല. ഈ ക്വാളിഫിക്കേഷൻ ഉണ്ടെങ്കിൽ അങ്ങനെയുള്ള കൃഷിക്കാരെ ഒഴിവാക്കാനേ പാടില്ലെന്നാണ്. വള്ളുവപ്പള്ളി തിരുമേനിയോടും വലിയമറ്റം തിരുമേനിയോടും ഒപ്പം സി. പി. എം.-ലെ നേതാക്കന്മാർ എന്നു പറയുമ്പോൾ, വളരെ പേർ അതിനകത്ത് ഒപ്പിട്ടിട്ടുണ്ട്. ശ്രീ. കോടിയേരി ബാലകൃഷ്ണൻ, ശ്രീ. വി. സി. കബീർ, ഡോ. കെ.സി. ജോസഫ്, ശ്രീ. കെ. പി. രാജേന്ദ്രൻ, ഡോ. എ. നീലലോഹിതദാസൻ നാടാർ, ശ്രീ. കെ. പി. മമ്മുമാസ്റ്റർ, ശ്രീ. പിണറായി വിജയൻ, ശ്രീ. ഇ. പി. ജയരാജൻ, ശ്രീ. പാച്ചേനി കുഞ്ഞിരാമൻ, ശ്രീ. സി. പി. നാരായണൻ എന്നിവർ ഒപ്പിട്ട മെമ്മോറാണ്ടത്തിൽ പറയുന്നത് ഇങ്ങനെയുള്ള ഭൂമി ഒഴിപ്പിക്കാനേ പാടില്ല എന്നാണ്. Extend അതിൽ പറയുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട കെ.എം. മാണി പറഞ്ഞതുപോലെ ഇതു വർഷങ്ങൾക്കു മുമ്പുണ്ടായിട്ടുള്ള ഒരു സംഭവമാണ്. ഞാൻ അന്നു പാർട്ടിയുടെ കണ്ണൂർ ജില്ലാ സെക്രട്ടറിയായിരിക്കുന്ന സമയത്താണ് ഈ സംഭവം നടക്കുന്നത്. സംഭവം നടന്ന സ്ഥലത്ത് ഞാൻ പോയതാണ്, ഇടപെട്ടതാണ്. എല്ലാവരും ചേർന്ന് ഇടപെട്ട ഒരു സംഭവമാണ്. അതിന്റെ അടിസ്ഥാനത്തിൽ ഞങ്ങൾ സ്വീകരിച്ച നിലപാട് ഒഴിപ്പിക്കാൻ പാടില്ല എന്നാണ്. അതിനകത്തു 4 ഹെക്ടർ കൊടുക്കണം എന്നു ഞങ്ങളാരുംതന്നെ ആവശ്യപ്പെട്ടിട്ടില്ല. കൈവശക്കൃഷിക്കാരനെ ഒഴിപ്പിക്കാൻ പാടില്ലെന്നാണ് ഞങ്ങൾ കൊടുത്ത നിവേദനത്തിൽ വ്യക്തമായി പറഞ്ഞിട്ടുള്ളത്.

ശ്രീ. കെ. എം. മാണി: ഒരു നാണയത്തിന്റെ രണ്ടു വശങ്ങളാണിത്. ഒഴിപ്പിക്കാൻ പാടില്ലാത്തവർക്ക് സംരക്ഷണം കൊടുക്കണം. ഒഴിപ്പിക്കാത്തത് എന്തുകൊണ്ടാണ്? കള്ളന്മാരെ ഒഴിപ്പിക്കരുതെന്നു നിങ്ങൾക്കു പറയാൻ പറ്റുമോ? ഇല്ലല്ലോ? അപ്പോൾ ഒഴിപ്പിക്കരുതെന്നു പറയുന്നവർ ന്യായമായ, bonafide persons in possession of the property. Therefore they should not be evicted. That is your case. അങ്ങനെയുള്ളവർക്കു നിയമപരമായ സംരക്ഷണം കൊടുക്കണമെന്നുള്ള ഉത്തമ വിശ്വാസത്തോടുകൂടിയാണ് ശ്രീ. കോടിയേരി ബാലകൃഷ്ണനും മറ്റും മെമ്മോറാണ്ടം ഉണ്ടാക്കിയത്. ഞാൻ കുറ്റപ്പെടുത്തുന്നതല്ല. ശ്രീ. കോടിയേരി ബാലകൃഷ്ണൻ ചെയ്തത്. വളരെ ശരിയായിട്ടുള്ള കാര്യമാണ്. മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടിയുടെ കണ്ണൂർ ജില്ലാ ഘടകം ചെയ്ത പ്രവൃത്തി തീർച്ചയായും ശരിയായ കാര്യമാണ്. അഭിനന്ദിക്കുന്നു. ഈ നിവേദനത്തിൽ പറയുന്നത് എന്താണെന്നറിയാമോ? സ്ഥിരാവകാശം കൊടുക്കാൻ നിയമം ഭേദഗതി ചെയ്യണമെന്നാണ് പറയുന്നത്. ഞാൻ ഒന്നു ചോദിക്കട്ടെ, നമ്മുടെ നിയമസഭയിൽ ആൾ പാർട്ടി മീറ്റിംഗ് കൂടുമ്പോൾ ആ മിനിട്ട്സിന് ഒരു വിലയുമില്ലേ? ആ മിനിട്ട്സിനു വില കൽപ്പിക്കണം. 6-8-2003-ൽ നമ്മൾ എല്ലാവരുംകൂടി ആൾ പാർട്ടി യോഗം കൂടി. ആൾ പാർട്ടി യോഗത്തിൽ പങ്കെടുത്തവർ ആരൊക്കെയാണ്? ശ്രീ. കോടിയേരി ബാലകൃഷ്ണൻ, ശ്രീ. കെ. പി. രാജേന്ദ്രൻ, ഡോ. കെ. സി. ജോസഫ്, ഡോ. എ. നീലലോഹിതദാസൻ നാടാർ, ശ്രീ. കെ. പി. മോഹനൻ, ശ്രീമതി രാധാരാഘവൻ, പ്രൊഫ. എ. ഡി. മുസ്തഫ, ശ്രീ. ജോണി നെല്ലൂർ, ശ്രീ. കെ. സി. ജോസഫ് ഇരിക്കൂർ തുടങ്ങിയവർ. നമ്മൾ ആൾ പാർട്ടി യോഗം കൂടിയിട്ട്, യാതൊരു തർക്കവുമില്ല എന്ന് എല്ലാവരും പറഞ്ഞു. ഇതിനകത്ത് ഒരു anxiety പറഞ്ഞു, വലിയ ഭൂഉടമസ്ഥരെ സംരക്ഷിക്കരുത്, അങ്ങനെ വല്ല ഉദ്ദേശവും ഇതിനകത്തുണ്ടോ എന്നു ചോദിച്ചു. അതിൽ പറഞ്ഞിരിക്കുന്നത്, some of the participants apprehended that there are families occupying large extend of land who will also get protection under the proposed legislation and requested to introduce a clause by which the maximum limit of land that can be held by them may be prescribed. ഇത് ജനറലായിട്ട് പറഞ്ഞു. അപ്പോൾ Minister for Revenue and Law informed that land holders having more than four hectares of land are very few and it is made clear that the maximum extend of land that can be included in the bill for protection be fixed as four hectares. All leaders agreed to this proposition. ഇതാണ് മിനിട്ട്സ്. All leaders agreed to this proposition എന്നുള്ള മിനിട്ട്സ് എന്റെ മുമ്പിൽ ഇരിക്കുമ്പോൾ ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ, ഞാൻ പറയട്ടെ നമ്മൾ എല്ലാവരും കൂടി ആൾ പാർട്ടി

LIBRARY ARCHIVES Kerala Legislative Assembly

യോഗം കൂടി. നാലു ഹെക്ടേഴ്സ് എന്നു പറഞ്ഞു സമ്മതിച്ചതിനുശേഷം, നിങ്ങളുടെ ഏതെങ്കിലും പാർട്ടിക്കകത്ത് ഡിസ്ക്ഷൻ ഉണ്ടായിട്ടുണ്ടോ? നിങ്ങൾക്ക് വ്യതിചലിക്കണമെങ്കിൽ വ്യതിചലിച്ചോളൂ? പക്ഷേ ഇവിടെ ഉണ്ടായത് നാലു ഹെക്ടർ സ്ഥലം വച്ച് അവർക്ക് കൊടുക്കുക എന്നുള്ള ധാരണയുണ്ടായതിനുശേഷമാണ് ഈ ബിൽ ഞങ്ങൾ പ്രിപ്പയർ ചെയ്തതും മന്ത്രിസഭ ഇതു പാസ്സാക്കിയതും. ഈ ബിൽ ഞാൻ (Introduce) ചെയ്യുന്നതും ആ ധാരണയുടെ അടിസ്ഥാനത്തിലാണ്. അതുകൊണ്ട് ഉത്തരവാദപ്പെട്ട ഒരു പ്രതിപക്ഷമെന്നുള്ള നിലയിൽ നമുക്ക് ആ ധാരണയിൽനിന്നു കൊണ്ട്, ഇതിനൊക്കെ വലിയ പൊളിറ്റിക്സ് ഒന്നും വേണ്ട. നമുക്ക് ഇതു നാലു ഹെക്ടറിൽ പാസ്സാക്കിക്കൊടുക്കണം. ഇതു വോട്ടിനിടാനായി ഒരിക്കലും അനുവദിക്കരുത്. ഇവിടെ നാലു ഹെക്ടർ എന്നു പറഞ്ഞതിൽ വലിയ തർക്കമുണ്ടായി. സ്മാൾ ഹോൾഡറുടെ ഡെഫനിഷനിൽ നാല് ഏക്കറല്ല. A small holder means a landlord who does not have interest in land exceeding eight standard acres or ten acres in extend whichever is less as owner, intermediary or cultivating tenant or in two or more of the above capacity so however that the extend of non-resumable land in his possession as owner or as cultivating tenant or partly as owner or partly as cultivating tenant does not exceed two and a half standard acres or four acres in extend. ഇതിന്റെ അർത്ഥം എന്താണെന്നറിയാമോ? ഒരാൾ ഒരു ഭൂമിയുടെ ഉടമസ്ഥൻ ആയോ മധ്യവർത്തിയായോ പാട്ടക്കാരനായോ മൂന്നുവിധത്തിൽ small holder ആകാം. Small holder-ടെ ഡെഫനിഷനിൽ 10 ഏക്കറാണ്. പക്ഷേ ആ small holder-ൽ നിന്ന് non-resumable land നാല് ഏക്കറിൽ കവിയാൻ പാടില്ല എന്നു പറഞ്ഞാൽ അയാളിൽനിന്നും ഭൂമി ഒഴിപ്പിക്കാം. അയാളിൽനിന്നും ഭൂമി ഒഴിപ്പിക്കുമ്പോൾ resumable ഇത്ര, non-resumable ഇത്ര എന്നുള്ളത് വേറൊരു ഉദ്ദേശത്തിനുവേണ്ടി പറഞ്ഞതല്ലാതെ ഡെഫനിഷൻ പാർട്ട് അല്ല. Small holder എന്നു പറഞ്ഞാൽ, 10 ഏക്കറാണ്, four acre ആണ്, അല്ലെങ്കിൽ എട്ട് standard acre ആണ്, 10 ഏക്കറാണ്. അതുകൊണ്ട് ആ ലിമിറ്റിനകത്തു നിന്നുകൊണ്ട് തന്നെയാണ് നാലു ഹെക്ടർ എന്ന് ഈ ബില്ലിനകത്തു കൊണ്ടുവന്നതും നമ്മൾ സർവ്വകക്ഷി യോഗം ചേർന്നു ചർച്ച ചെയ്തതും. ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് നാലു ഹെക്ടർ എന്നു കൊണ്ടുവന്നതും. ഡോ. കെ. സി. ജോസഫ് ചൂണ്ടിക്കാണിക്കുകയുണ്ടായി. Kerala Stay of Eviction Proceedings Act, 1998 ഈ നിയമസഭ പാസ്സാക്കിയ ആക്ടിനകത്താണ് പറയുന്നത്. ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ 1998 കാലഘട്ടത്തിൽ ഇവിടെ പാസ്സാക്കിയ 5-ാം നമ്പർ നിയമത്തിൽ പറയുന്നത്.

Preamble.—WHEREAS numerous proceedings are pending before the Land Tribunals, the Taluk Land Boards, the State Land Board, the Courts, the Revenue Authorities, wherein small holders and cultivating tenants who purchased or otherwise acquired land for consideration evidenced by registered documents or otherwise are under threat of eviction or dispossession. ഇതിനകത്ത് എന്താണെന്നു ചോദിച്ചിട്ടില്ല. കാർഷിക പരിഷ്ക്കരണ നിയമത്തിൽ ഒരു വകുപ്പുണ്ട്. കാർഷികപരിഷ്ക്കരണ നിയമത്തിൽ ഏഴാമത്തെ വകുപ്പിൽ കുറെ ടെനൻസിനെക്കുറിച്ച് പറയുന്നുണ്ട്. Certain persons occupying and honestly believing to be tenants to be deemed tenant. ഈ ഒരു വകുപ്പ് cover ചെയ്യാനായിട്ടാണ് "otherwise"

LIBRARY ARCHIVES Kerala Legislative Assembly

വച്ചിരിക്കുന്നത്. ഈ വകുപ്പിൽ പറയുന്നത്, Notwithstanding anything to the contrary contained in Sec.52 or any other provision of the Transfer of Property Act 1882 or anyother law or in any contract, custom or usage, or any judgement, decree or order of court, any person in occupation at the commencement of the Kerala Land Reforms Act, 1969 of the land of another situated in Malabar shall be deemed to be a tenant if he or his predecessor in interest was continuously in occupation of such land honestly believing is said to be a tenant or not less than two years within a period of 12 years immediately preceeding the 11th day of April 1967. ഇത് മലബാറിൽ മാത്രമുള്ള ഒരു പ്രത്യേക അവസ്ഥാവിശേഷമാണ്. മലബാറിൽ മാത്രം നിലനിന്ന ഒരു അവസ്ഥാവിശേഷമെന്നു പറയുന്നത് 1964-ൽ കാർഷിക പരിഷ്ക്കരണ നിയമം പാസ്സാക്കുന്ന അവസരത്തിൽ അതിനുമുൻപ് പ്രമാണമില്ല എന്നുണ്ടെങ്കിൽപ്പോലും അതിനുമുൻപുള്ള 12 വർഷത്തിൽ രണ്ട് വർഷക്കാലം ഒരാളുടെ കൈവശം ഭൂമിയുണ്ടെങ്കിൽ by purchase or otherwise if he is in possession of the property or otherwise അത് കവർ ചെയ്തുകൊണ്ട് അവരെ deemed tenants ആണെന്ന് കാർഷിക പരിഷ്ക്കരണ നിയമത്തിൽ ഏഴാം വകുപ്പിൽ പറഞ്ഞിരിക്കുന്നതുകൊണ്ട് deemed tenant 7(e) നമ്മൾ ഡിഫൈൻ ചെയ്യുമ്പോൾ ആധാരപ്രകാരം പർച്ചെയ്സ് ചെയ്തതും കാർഷിക പരിഷ്ക്കരണ നിയമത്തിലെ ഏഴാം വകുപ്പിൽ പ്രതിപാദിക്കുന്ന മറ്റുതരത്തിലുള്ള ഭൂമി കൈവശംവച്ചിരിക്കുന്നതുമായ കൃഷിക്കാർ അവരെ രണ്ടുപേരേയും ഉൾക്കൊള്ളിക്കാൻ വേണ്ടിയാണ് "or otherwise" എന്ന വാക്ക് കൊണ്ടുവന്നത്. അന്നത്തെ ലാ ഡിപ്പാർട്ടുമെന്റും ഇന്നത്തെ ലാ ഡിപ്പാർട്ടുമെന്റും ഒന്നുതന്നെയാണ്. ഗവൺമെന്റ് മാറിയെന്നേയുള്ളു. അന്ന് നിങ്ങളെടുത്ത വാചകവും ഇന്ന് ഞങ്ങളെടുത്ത വാചകവും ഒന്നുതന്നെയാണ്. By purchase or otherwise എനിക്ക് ഒരു കുഴപ്പവുമില്ല. ഞാൻ വേണമെങ്കിൽ മാറ്റാം. We have no vested interest. ഇത് വച്ചില്ലെങ്കിൽ പ്രമാണമുള്ളവരുടെ മാത്രമേ വരുകയുള്ളു. പ്രമാണമില്ലാത്ത ഈ ഏഴാം വകുപ്പിൽ പറഞ്ഞിരിക്കുന്ന രീതിയിൽ deemed tenants ആയി പ്രഖ്യാപിച്ചിട്ടുള്ള കാറ്റഗറിക്ക് പരിരക്ഷ കിട്ടുകയില്ല. അപ്പോൾ നിയമനിർമ്മാണം കൊണ്ടുവരുമ്പോൾ അങ്ങനെ പരിരക്ഷ കിട്ടാതെ പോകരുതെന്നുള്ളതുകൊണ്ടാണ് ഞാൻ ഇത് ഇങ്ങനെ കൊണ്ടുവന്നിരിക്കുന്നത്. അല്ലാതെ യാതൊരു ദുരുദ്ദേശവും ഇതിനകത്തില്ല. അതുപോലെതന്നെ മറ്റൊരു കാര്യം ഇതിനകത്ത് ആകെ വരുന്നത് 11487 ഏക്കർ ഭൂമിയേയുള്ളു. 78 സെന്റ് 181 ലിങ്ക്സ് ഭൂമിയാണ്. കൈവശക്കാർ എന്നുപറയുന്നത് 6202 പേർ മാത്രമാണ്. ഈ ഭേദഗതി ഇതിനുമുൻപ് മെമ്മോറാണ്ടത്തിൽ തന്നെ പറഞ്ഞിട്ടുണ്ട് കേരളത്തെ സംബന്ധിച്ചിടത്തോളം ഓരോ ജില്ലയിലേയും കണക്കെടുത്തിട്ടുണ്ട്. ഓരോ ജില്ലയിലേയും കണക്കെടുത്തിട്ടാണ് 11487 ഏക്കർ ഭൂമിയാണെന്നും 6202 പേർ കൈവശക്കാരുണ്ടെന്നുമുള്ള കണക്ക് പറഞ്ഞത്. ഇത്രയും ഭൂമിയിലുള്ള ട്രാൻസാക്ഷനാണ് മിച്ചഭൂമിയുടെ ട്രാൻസാക്ഷനായി വന്നിട്ടുള്ളത്. 11000 ഏക്കറിൽപ്പെടുന്ന 6000 കൃഷിക്കാർ കൈവശംവെച്ചിട്ടുള്ള ഭൂമിയെ സംബന്ധിച്ചുള്ള ട്രാൻസാക്ഷനാണ് റെഗുലറൈസ് ചെയ്യേണ്ടത്. ഇത് കൃഷിക്കാരെ സഹായിക്കുന്ന ഒരു ബില്ലാണ്. നമ്മൾ എല്ലാപേരും ഒരുമിച്ചിരുന്ന് ധാരണയിൽ വന്ന ഒരു ബിൽ ആയതുകൊണ്ട്, ഇപ്പോൾ അങ്ങോട്ടുമിങ്ങോട്ടും കുറെ കാര്യങ്ങളൊക്കെ പറഞ്ഞപ്പോൾ മനസ്സിലായി. ഇനി നമുക്കെല്ലാപേർക്കും കൂടി ഒരുമിച്ചിരുന്ന് ഈ നിയമം യുനാനിമസ്സായി പാസ്സാക്കിത്തരണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ബഹുമാനപ്പെട്ട അംഗങ്ങൾക്കും പത്രപ്രതിനിധികൾക്കും കൃാന്റീനിൽ ഭക്ഷണം അറേഞ്ച് ചെയ്തിട്ടുണ്ട്. പോയി കഴിക്കാം..... ശ്രീ. കെ. സി. ജോസഫ് അങ്ങയുടെ 1 (എ) ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. സി. ജോസഫ് : പ്രസ് ചെയ്യുന്നില്ല.

ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച 1(എ) ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

മി. സ്പീക്കർ : ശ്രീ. എം. വി. ജയരാജൻ അങ്ങയുടെ 2(ബി) ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ? .....സീറ്റിലില്ല.

ശ്രീ. എം. വി. ജയരാജൻ അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2004-ലെ കേരള ഭൂപരിഷ്ക്കരണ (രണ്ടാം ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു, ബിൽ പരിഗണനയ്ക്ക് എടുക്കുന്നു.

രണ്ടാം വകുപ്പ്

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മൂന്നാം വകുപ്പ്

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : എനിക്ക് ഒഫിഷ്യലായിട്ട് ഒരു അമെന്റുമെന്റ് ഉണ്ട്. In Section 7E proposed to be inserted by Clause 3, for the words brackets and figures "the Kerala Land Reforms (Second Amendment) Act, 2004", in both the places where they occur, the words, brackets and figures "the Kerala Land Reforms (Amendment) Act, 2005" shall be substituted. ബിൽ അച്ചടിച്ചപ്പോൾ അന്ന് 2004 ആയിരുന്നു നിയമം പാസ്സാകുമ്പോൾ 2005 എന്നുള്ള ആ മാറ്റമാണ് പറയുന്നത്.

VIII ക്രമപ്രശ്നം

എം.എൽ.എ.മാർ അവതരിപ്പിക്കുന്ന ഭേദഗതി അതേപടി മന്ത്രി അവതരിപ്പിക്കാൻ പാടില്ല.

ശ്രീ. ടി. കെ. ദേവകുമാർ : സർ, നേരത്തെ നിയമനിർമ്മാണ വേളയിൽ ചെയറിന്റെ ഭാഗത്തുനിന്നും ഒരു റൂളിംഗ് ഉണ്ടായിട്ടുണ്ട്. പ്രതിപക്ഷകക്ഷിയിൽപ്പെട്ടവരായാലും ഭരണകക്ഷിയിൽപ്പെട്ടവരായാലും നിയമസഭാ സാമാജികൻമാർ

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : 2004-ലെ കേരള ഭൂപരിഷ്ക്കരണ രണ്ടാം (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

6.00 P.M.

പ്രമേയം സഭ ഐകൃകണ്ഠേന അംഗീകരിച്ചിരിക്കുന്നു.

ബിൽ പാസ്സാക്കിയിരിക്കുന്നു.

(2) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുചെയ്ത പ്രകാരമുള്ള 2004-ലെ കേരള ഒഴിപ്പിക്കൽ നടപടികൾ നിർത്തിവയ്ക്കൽ ബിൽ

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുചെയ്ത പ്രകാരമുള്ള 2004-ലെ കേരള ഒഴിപ്പിക്കൽ നടപടികൾ നിർത്തിവയ്ക്കൽ ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) : സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കെ. എം. മാണി : ഇത് ഗവർണ്ണർ ഒപ്പിട്ട് നിയമനിർമ്മാണം ആകുന്നതുവരെ ഒഴിപ്പിക്കാൻ പാടില്ല. മൂലനിയമത്തിൽ അമെന്റ്മെന്റ് പാസ്സാക്കിയത് യാഥാർത്ഥ്യമാകണമെങ്കിൽ ഇതുകൂടി പാസ്സാക്കണം.

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2004-ലെ കേരള ഒഴിപ്പിക്കൽ നടപടികൾ നിർത്തിവയ്ക്കൽ ബിൽ പൊതു ജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

സർ, 1963-ലെ കേരള ഭൂപരിഷ്ക്കരണ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം വിട്ടുകൊടുക്കേണ്ടതായ മിച്ചഭൂമിയാണെന്ന് പിന്നീട് കണ്ടെത്തിയ ഭൂമിയിൽനിന്ന് ഒഴിപ്പിക്കുന്നത് നിർത്തിവയ്ക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നതിനുള്ള 2004-ലെ കേരള ഒഴിപ്പിക്കൽ നടപടികൾ നിർത്തിവയ്ക്കൽ ബില്ലിനാണ് ഞാൻ ഭേദഗതി അവതരിപ്പിച്ചത്. നമ്മൾ ഒരു ഭരണഘടനാപരമായ കടമ നിർവ്വഹിക്കുകയാണ്. ലെജിസ്ലേച്ചറിന്റെ പരമമായ ധർമ്മം നിയമം ഉണ്ടാക്കുക എന്നുള്ളതാണ്. കാലാകാലങ്ങളിൽ കാലത്തിനനുസൃതമായി നിയമങ്ങൾ നിർമ്മിക്കേണ്ടതുണ്ട്. ആ നിയമങ്ങൾ നിർമ്മിക്കുമ്പോൾ ഭരണഘടന സ്ഥാപനങ്ങളായ മറ്റ് പല സ്ഥാപനങ്ങളും ചേർന്ന ഈ വ്യവസ്ഥിതി നേരെ തന്നെ പോകേണ്ടതുണ്ട്. ഞാനൊരു പ്രധാനപ്പെട്ട കാര്യം ചൂണ്ടിക്കാണിക്കാനാണ് ഇത്രയും പറഞ്ഞത്. നമ്മൾ നടത്തിക്കൊണ്ടിരിക്കുന്ന ഈ ലെജിസ്ലേഷൻ ഡെലിഗേറ്റഡ് ലെജിസ്ലേഷനാണ്. ഉദ്യോഗസ്ഥൻമാരാണ് ഇതിന്റെ സ്കെൽറ്റൻ തയ്യാറാക്കുന്നത്. അതിന് ഫ്ളെഷും ബ്ലഡും കൊടുക്കുക എന്നുള്ളതാണ് നമ്മുടെ പ്രധാനപ്പെട്ട കർത്തവ്യം. അടുത്തകാലത്തുണ്ടായ ഒരു സംഭവം, കഴിഞ്ഞ മൂന്ന് മാസക്കാലമായി സംസ്ഥാനത്തെ നിയമവകുപ്പിന് സെക്രട്ടറി ഇല്ല. ഹൈക്കോടതിയിൽ അടുത്തകാലത്തുണ്ടായ ബ്രസീലിയൻസ് സ്പിരിറ്റ് കേസിൽ ഗവൺമെന്റിനുവേണ്ടി അഫിഡവിറ്റ് തയ്യാറാക്കി കൊടുത്ത് നിയമവകുപ്പിന്റെ തീരുമാനപ്രകാരമാണ് അത് വിട്ടുകൊടുത്തുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly